2023
MARCH
04
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ







## റബർ ബോർഡിന് 75 വയസ്സ്

**കോട്ടയം:** റബർ ബോർഡ് പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്നു. ഒരുവർഷം നീളുന്ന ആഘോഷങ്ങൾ 18ന് രാവിലെ പത്തിന് മാമ്മൻ മാപ്പിള ഹാളിൽ കേന്ദ്രമന്ത്രി പീയുഷ് ഗോയൽ ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും. റബറിന്റെ ചരിത്രം, കൃഷി, വിപണനം, പരിശീലനം തുടങ്ങിയവ വിശദമാക്കുന്ന പ്രദർശനം 17 മുതൽ 19 വരെ മാമ്മൻ മാപ്പിള ഹാളിൽ നടക്കും.

റബർ ബോർഡ് 75 ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സെമിനാറുകളും പ്രദർശനങ്ങളും സംഘടിപ്പിക്കും. റബർ ബോർഡിന്റെ നേട്ടങ്ങളും പ്രാധാന്യവും വ്യക്തമാക്കുന്ന രീതിയിലാണ് ആഘോഷങ്ങളെന്ന് ചെയർമാൻ ഡോ.സാവർ ധനാനിയ, എക്സിക്യൂട്ടീവ് അംഗം എൻ.ഹരി, ബോർഡ് അംഗങ്ങളായ ടി.പി. ജോർജ് കുട്ടി, സിഎസ്.സോമൻ പിള്ള എന്നിവർ അറിയിച്ചു. 1947 ഏപ്രിൽ 18ന് റബർ പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിങ് നിയമം രൂപംകൊള്ളുകയും ഇന്ത്യൻ റബർ ബോർഡ് നിലവിൽ വരുകയുമായിരുന്നു. 1954 ൽ നിയമം പരിഷ്കരിക്കുകയും റബർ ബോർഡ് എന്ന് പേരു മാറ്റുകയും ചെയ്തു.

## 28 ദിവസത്തിനിടെ വാട്സാപ് ഇന്ത്യയിൽ നിരോധിച്ചത് 4,597,400 അക്കൗണ്ടുകൾ



പുതിയ ഐടി നിയമങ്ങൾ അനുസരിച്ച് എല്ലാ മാസവും വാട്സാപ് ഉപയോക്തൃ സുരക്ഷാ റിപ്പോർട്ട് പുറത്തുവിടാറുണ്ട്. 2023 ഫെബ്രുവരിയിലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 4,597,400 അക്കൗണ്ടുകൾ നിരോധിച്ചതായി മെറ്റായുടെ ഉടമസ്ഥതയിലുള്ള വാട്സാപ് അറിയിച്ചു. ജനുവരിയിൽ 29 ലക്ഷവും ഡിസംബറിലും നവംബറിലും ഏകദേശം 37 ലക്ഷം അക്കൗണ്ടുകളും നിരോധിച്ചിരുന്നു. രാജ്യത്ത് ഏകദേശം 50 കോടി ഉപയോക്താക്കളുള്ള വാട്സാപ്പിന് ഫെബ്രുവരിയിൽ ഇന്ത്യയിൽ നിന്ന് 2804 പരാതികൾ ലഭിക്കുകയും ഇതിൽ 495 കേസിൽ നടപടി സ്വീകരിക്കുകയും ചെയ്തു.

പുതുക്കിയ ഐടി നിയമങ്ങൾ പ്രകാരം, 50 ലക്ഷത്തിലധികം ഉപയോക്താക്കളുള്ള പ്രധാന ഡിജിറ്റൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ പ്രതിമാസ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. +91 ഫോൺ നമ്പർ വഴിയാണ് ഇന്ത്യൻ അക്കൗണ്ടുകൾ തിരിച്ചറിയുന്നതെന്നും റിപ്പോർട്ടിലുണ്ട്. ഏറ്റവും പുതിയ റിപ്പോർട്ടിൽ ഫെബ്രുവരി 1 മുതൽ 28 വരെയുള്ള കാലയളവിലെ വിവരങ്ങളാണ് ഉൾപ്പെടുന്നത്. ഏകദേശം 1,298,000 അക്കൗണ്ടുകൾ പരാതി ലഭിക്കുന്നതിന് മുൻപ് നിരോധിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

കമ്പനിയുടെ നയങ്ങളും മാർഗനിർദ്ദേശങ്ങളും ലംഘിക്കുന്ന അക്കൗണ്ടുകൾ സാധാരണയായി നിരോധിക്കുമെന്ന് വാട്സാപ് നേരത്തേ വ്യക്തമാക്കിയിരുന്നു. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും സ്ഥിരീകരിക്കാത്ത സന്ദേശം ഒന്നിലധികം കോൺടാക്റ്റുകളിലേക്ക് ഫോർവേഡ് ചെയ്യുന്നതിനും മറ്റും ഒരു ഉപയോക്താവ് പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ വാട്സാപ് അക്കൗണ്ടുകൾ നിരോധിക്കും.

ഇന്ത്യയുടെ ഇൻഫർമേഷൻ ടെക്നോളജി റൂൾസ്, 2021 അനുസരിച്ചാണ് ഈ റിപ്പോർട്ടുകൾ പുറത്തിറക്കുന്നത്. വാട്സാപ്പിന്റെ കംപ്ലയിൻസ് മെക്കാനിസങ്ങളിലൂടെ ഇന്ത്യയിലെ ഉപയോക്താക്കളിൽ നിന്ന് ലഭിക്കുന്ന പരാതികൾ, ഇന്ത്യയിലെ നിയമങ്ങളോ കമ്പനിയുടെ നിബന്ധനകളോ ലംഘിക്കുന്നത് തടയുന്നതിനുള്ള സംവിധാനങ്ങൾ വഴി ബ്ലോക്ക് ചെയ്ത അക്കൗണ്ടുകളുടെയും കണക്കുകൾ കാണിക്കേണ്ടതുണ്ട്.

### വ്യാപിക്കുന്നത് ഒമിക്രോൺ വകഭേദം

## ആശങ്കപ്പെടേണ്ട സാഹചര്യമില്ല: കേന്ദ്ര ആരോഗ്യമന്ത്രി



**ന്യൂഡൽഹി:** രാജ്യത്ത് വ്യാപിക്കുന്നത് ഒമിക്രോൺ വകഭേദമാണെന്നും അതുമൂലം ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ എണ്ണം വർധിച്ചിട്ടില്ലെന്നും കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യ. ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ലെന്നും ജാഗ്രത തുടർന്നാൽ മതിയെന്നും അദ്ദേഹം അറിയിച്ചു.

രാജ്യത്ത് കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കോവിഡ് കേസുകൾ കൂടുന്ന സാഹചര്യത്തിലാണ് ആരോഗ്യമന്ത്രിയുടെ പ്രസ്താവന. തിങ്കളാഴ്ച മാത്രം 3641 കോവിഡ് കേസുകളാണ് രാജ്യത്ത് റിപ്പോർട്ട് ചെയ്തത്. ഏപ്രിൽ ഒന്നിന് 2,994 പേർക്കാണ് രോഗം ബാധിച്ചതെങ്കിൽ ഏപ്രിൽ രണ്ടിന് ഇത് 3,824 ആയി വർധിച്ചു. മൂന്നിനു നേരിയ കുറവ് രേഖപ്പെടുത്തി 3,641ലേക്ക് താഴ്ന്നു. തിങ്കളാഴ്ചത്തെ പോസിറ്റിവിറ്റി നിരക്ക് 61.12 ശതമാനമാണ്. പ്രതിവാര പോസിറ്റിവിറ്റി നിരക്ക് 2.45 ശതമാനവുമാണ്. 24 മണിക്കൂറിനിടെ 1,800 പേരാണ് രോഗമുക്തി നേടിയത്. ഇതോടെ രാജ്യത്ത് ആകെ രോഗമുക്തി നേടിയവരുടെ എണ്ണം 4,41,75,135 ആയി. നിലവിൽ 20,219 പേരാണ് ചികിത്സയിൽ കഴിയുന്നത്.



## അണക്കെട്ടുകളുടെ പ്രവർത്തനക്ഷമത വിലയിരുത്താൻ സംവിധാനമില്ല'

**ന്യൂഡൽഹി:** മുല്ലപ്പെരിയാർ അടക്കം നൂറ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള അണക്കെട്ടുകളുടെ പ്രവർത്തനക്ഷമതയും എത്ര ആയുസ്സുണ്ടെന്നതും വിലയിരുത്താൻ സംവിധാനമില്ലെന്നു കേന്ദ്രസർക്കാർ. ഇത്തരം അണക്കെട്ടുകൾ ഡീകമ്മിഷൻ ചെയ്യാൻ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. നൂറു വർഷം കഴിഞ്ഞ ഒരു അണക്കെട്ടും ഇതുവരെ ഡീകമ്മിഷൻ ചെയ്തിട്ടില്ലെന്നും പാർലമെന്ററി സമിതിയെ അറിയിച്ചു.

നൂറു വർഷത്തിൽ കൂടുതൽ പഴക്കമുള്ള 234 വലിയ അണക്കെട്ടുകൾ രാജ്യത്തുണ്ടെന്ന് ജലശക്തി മന്ത്രാലയത്തിനു കീഴിലെ നദീവികസന വകുപ്പ് അറിയിച്ചു. നൂറു വർഷമാണ് ഡാമിനു സാധാരണ പ്രവർത്തനക്ഷമതയുണ്ടാകുക. സംഭരണമേഖലയിൽ മണ്ണടിഞ്ഞുകൂടുന്നതുൾപ്പെടെ അണക്കെട്ടുകളുടെ ബലക്ഷയത്തിനു കാരണമാകും. സുരക്ഷ ഉറപ്പാക്കാൻ അറ്റകുറ്റപ്പണി നടത്താറുണ്ടെന്നും അറിയിച്ചു.



# തമിഴ്നാട്ടിൽ 50 ലക്ഷം സ്ത്രീകൾക്ക് സൗജന്യയാത്ര, ബജറ്റ് 9000 കോടി

**തിരുവനന്തപുരം:** പൊതുഗതാഗതത്തെ സംരക്ഷിക്കുന്നതിനു തമിഴ്നാട് സർക്കാർ ചെയ്യുന്ന ഇടപെടലുകൾ കണ്ടു ഞെട്ടി കേരളത്തിൽ നിന്നുള്ള പഠനസംഘം . 50 ലക്ഷം സ്ത്രീകൾക്കു സൗജന്യയാത്രയുൾപ്പെടെ ഇളവുകൾ നൽകി തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഷനെ പൊതുജന ക്ഷേമ സർവീസ് എന്ന നിലയിൽ കയ്യയച്ചു സഹായിക്കുമ്പോഴാണു സർവീസ് കുറച്ചും ജീവനക്കാർക്കു ശമ്പളം ഗഡുക്കളായി നൽകി ബുദ്ധിമുട്ടിച്ചും കേരള സർക്കാർ പൊതുഗതാഗതത്തിന്റെ പ്രസക്തി ഇല്ലാതാക്കുന്നത്.



തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഷന്റെ പ്രവർത്തന രീതികൾ പഠിക്കാൻ കഴിഞ്ഞദിവസം ഗതാഗത സെക്രട്ടറി ബിജു പ്രഭാകറിന്റെ നേതൃത്വത്തിൽ സംഘം ചെന്നൈയിലെത്തിയിരുന്നു. സർക്കാർ സഹായത്താലാണ് അവിടെ പൊതുഗതാഗതം കുഴപ്പമില്ലാതെയും പരാതിയില്ലാതെയും പോകുന്നതെന്നു മനസ്സിലായെങ്കിലും ഒന്നുകൂടി പഠിക്കാൻ അടുത്ത സംഘത്തെ നിയോഗിച്ചിരിക്കുകയാണ്. ജോയിന്റ് മാനേജിങ് ഡയറക്ടർ പ്രമോജ് ശങ്കറിന്റെ നേതൃത്വത്തിൽ നാലംഗ സംഘം അടുത്തയാഴ്ച വീണ്ടും ചെന്നൈയിലേക്കു പോകും.

കേരളത്തിൽ 4500 ബസുകളും 26,000 ജീവനക്കാരുമാണു കെഎസ്ആർടിസിയ്ക്കുള്ളത്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഷനു തമിഴ്നാട് നൽകുന്ന സഹായത്തിന്റെ അനുപാതം കണക്കാക്കിയാൽ കേരള സർക്കാർ കെഎസ്ആർടിസിയ്ക്ക് 2300 കോടിയെങ്കിലും നൽകണം. ഇവിടെ 70 കോടി രൂപ വച്ചു മാസം പെൻഷനും 30 കോടി രൂപ വച്ചു വായ്പാതിരിച്ചടവിനും മറ്റിനത്തിൽ 100 കോടിയോളം രൂപയുമായി 1350 കോടിയാണു സർക്കാർ കെഎസ്ആർടിസിക്കു നൽകുന്നത്.

വിദ്യാർഥികൾക്ക് സൗജന്യയാത്രയും മറ്റു വിഭാഗങ്ങൾക്കുള്ള സൗജന്യപാസും അനുവദിക്കുന്നതിൽ മാത്രം 830 കോടി രൂപയാണു കെഎസ്ആർടിസിക്കു നഷ്ടം. ഈ തുക സർക്കാർ നൽകുന്നുമില്ല.

കോവിഡിൽ തകർന്നടിഞ്ഞ പൊതുഗതാഗത സംവിധാനം തിരിച്ചു പഴയ രീതിയിൽ എത്തുന്നതുവരെ സഹായിക്കാനും ശമ്പള വിതരണത്തിനുമായാണു മാസം 50 കോടി വീതം മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം നൽകിയത്. ഈ സഹായം തുടരേണ്ട ബാധ്യത സർക്കാരിനില്ലെന്നു കോടതിയെ ധനകാര്യ വകുപ്പ് അറിയിക്കുകയും ചെയ്തിരിക്കുകയാണ്. കേരളത്തിൽ സംസ്ഥാന സർക്കാർ ഡീസലിനു 2 രൂപ സെസ് ഏർപ്പെടുത്തിയതോടെ കെഎസ്ആർടിസിയിലെ പ്രതിസന്ധി കൂടുതൽ രൂക്ഷമായി. മാസം 3 കോടിയാണു കെഎസ്ആർടിസിക്ക് അധികം ചെലവാകുക.

കോവിഡിനു ശേഷം യാത്രക്കാർ പൊതുഗതാഗതത്തെ കൈവിട്ടതോടെ വരുമാനം കുത്തനെയിടിഞ്ഞു. 6000 സർവീസ് നടത്തിയിരുന്ന കെഎസ്ആർടിസി ഇപ്പോൾ 3500, 3800 സർവീസുകളിലേക്കു കുറഞ്ഞു.

പുതിയ ബസുകൾ വാങ്ങാൻ തമിഴ്നാട് സർക്കാർ 2000 കോടി നേരിട്ടു വായ്പയെടുത്തു നൽകി. കേരളത്തിൽ പുതിയ ബസ് വാങ്ങാൻ അനുവദിച്ച 800 കോടി രൂപയുടെ വായ്പ പോലും നൽകാൻ സർക്കാരിന്റെ കയ്യിൽ പണമില്ല. ആയിരം ബസുകൾ ഉടൻ പൊളിക്കുകയും വേണം.

ഒരു വർഷം 9000 കോടിയാണു തമിഴ്നാട് സർക്കാർ ബജറ്റിൽപ്പെടുത്തി അവിടെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഷനു നൽകുന്നത്. 1,25,000 ജീവനക്കാരും 21,000 ബസുകളുമുണ്ട്. വിദ്യാർഥികൾക്കു സൗജന്യയാത്രയ്ക്കു 1500 കോടി, 50 ലക്ഷം വരുന്ന വനിതകൾക്കു സൗജന്യയാത്രയ്ക്ക് 2800 കോടി, മുതിർന്ന പൗരൻമാർക്കു യാത്രാ പാസിന് 22 കോടി, ഒരു ലീറ്റർ ഡീസലിന് 27 രൂപ സബ്സിഡി ഇനത്തിൽ 2000 കോടി രൂപ ഇത്രയും എല്ലാ വർഷവും സർക്കാർ നൽകും. 700 കോടി രൂപയുടെ വായ്പയും മൂലധന സഹായമായി 900 കോടി രൂപയും നൽകുന്നുണ്ട്



## ചെങ്കോട്ട പുനലൂർ: ഇലക്ട്രിക് എൻജിൻ ട്രയൽ റൺ നടത്തി

**പുനലൂർ:** കൊല്ലം ചെന്നൈ റെയിൽപാതയിൽ വൈദ്യുതീകരണ ജോലികൾ ശേഷിക്കുന്ന ചെങ്കോട്ട പുനലൂർ ഭാഗത്ത് 6 കിലോമീറ്റർ ദൂരം വരുന്ന ചെങ്കോട്ട ഭഗവതിപുരം സെക്ഷനിലും 9 കിലോമീറ്റർ വരുന്ന പുനലൂർ ഇടമൺ സെക്ഷനിലും ഇലക്ട്രിക് എൻജിൻ ട്രയൽ റൺ നടത്തി. എന്നാൽ ഇലക്ട്രിക്കൽ ട്രെയിൻ ഓടുന്നതിന് ഇനി 34 കിമീ കൂടി വൈദ്യുതീകരണം നടത്തണം.

ഭഗവതിപുരം മുതൽ ഇടമൺ വരെയുള്ള ഭാഗത്തെ 34 കിലോമീറ്റർ ദൂരത്തിൽ ഇനി ഒന്നിച്ചു ട്രയൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ തുരങ്കങ്ങളും കൊടും വളവുകളും ഉള്ള പശ്ചിമഘട്ട മേഖലയായതിനാൽ ഇവിടെയുള്ള വൈദ്യുതീകരണം റെയിൽവേക്കു കനത്ത വെല്ലുവിളിയാണ്.ചെങ്കോട്ട ഭഗവതിപുരം പാതയോടൊപ്പം ഭഗവതിപുരം മുതൽ ചെങ്കോട്ട വഴി വിരുദ്നഗർ വരെയുള്ള 136 കിലോമീറ്റർ ദൂരത്തിലും കഴിഞ്ഞദിവസം ട്രയൽ റൺ നടന്നിരുന്നു. കഴിഞ്ഞ മാർച്ചിലാണ് 44 കിലോമീറ്റർ ദൂരമുള്ള കൊല്ല പുനലൂർ പാത വൈദ്യുതീകരണ ജോലികൾ പൂത്തിയാക്കി കമ്മിഷൻ ചെയ്തത്.

ഇടമൺ പുനലൂർ പാതയ്ക്ക് പുനലൂർ ട്രാക്ഷൻ സബ് സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി എടുക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടേക്ക് ഇതുവരെ വൈദ്യുതി ലഭിച്ചിട്ടില്ല. അതിനാൽ പെരിനാട് സബ് സ്റ്റേഷൻ ലൈനിൽ നിന്നാണ് ട്രയൽ റണ്ണിനു വൈദ്യുതി ഉപയോഗപ്പെടുത്തിയത്.

## വിഴിഞ്ഞം: കോൺക്രീറ്റ് പാതയൊരുക്കൽ വൈകാതെ നടത്തും

**വിഴിഞ്ഞം:** രാജ്യാന്തര തുറമുഖത്ത് പുലിമുട്ടി(ബ്രേക് വാട്ടർ)ന്റെ മുകളിൽ കോൺക്രീറ്റ് പാതയൊരുക്കൽ വൈകാതെ നടത്തും. മാതൃക എന്ന നിലക്ക് ഏതാനും മീറ്റർ കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. കോൺക്രീറ്റ് പൂർത്തിയാകുന്നതോടെ വിശാലമായ പാതയായി ഇതു മാറും. നിലവിൽ പുലിമുട്ടു നിർമാണം 2200 മീറ്റർ ആണ് ഇപ്പോഴത്തെ ലക്ഷ്യമെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു.

കാലാവസ്ഥ അനുകൂലമെങ്കിൽ നിർമാണം വീണ്ടും തുടരും. 2200 മീറ്റർ പിന്നിടുന്നതിനു പിന്നാലെ പുലിമുട്ടിന്റെ ഉപരിതലം കോൺക്രീറ്റ് ചെയ്തു തുടങ്ങുമെന്ന് അധികൃതർ പറഞ്ഞു. പൂർത്തിയാകുമ്പോൾ പുലിമുട്ട് സമുദ്ര നിരപ്പിൽ നിന്നു ഏതാണ്ട് 5 മീറ്റർ പൊക്കത്തിലാവും. ഇന്നലെ വരെ പുലിമുട്ടിന്റെ നീളം സമുദ്ര ഉപരിതലത്തിൽ കാണാവുന്ന നിലയിൽ 2026 മീറ്ററും കടലിന്നടിയിൽ 2300 മീറ്ററും പൂർത്തിയായതായി ബന്ധപ്പെട്ടവർ അറിയിച്ചു.

കരയിൽ ലോറികളിലും കടൽ വഴി ബാർജുകളിലും കരിങ്കല്ലു നിക്ഷേപം നടത്തിയാണ് പുലിമുട്ടു നീളം വർധിപ്പിക്കുന്നത്. പുലിമുട്ടിനു കൂടുതൽ ബലമേകാൻ തിരയടിക്കുന്നതിനു അഭിമുഖ ഭാഗത്ത് കോൺക്രീറ്റ് നിർമിതിയായ അക്രോപോഡുകൾ പ്രത്യേക രീതിയിൽ അടുക്കി സ്ഥാപിക്കുന്ന ജോലിയും പുരോഗമിക്കുകയാണ്. ഇന്നലെ വരെ 1640 മീറ്റർ നീളത്തിൽ അക്രോപോഡു സ്ഥാപിച്ചു കഴിഞ്ഞതായും അധികൃതർ പറഞ്ഞു.

## ബജറ്റ് ടൂറിസം യാത്രകളുമായി കെഎസ്ആർടിസി

**കൊല്ലം:** വേനലവധി ഉഷാറാക്കാൻ ബജറ്റ് ടൂറിസം യാത്രകളുമായി കെഎസ്ആർടിസി. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള യാത്രകളാണ് അവധിക്കാലത്തു ക്രമീകരിച്ചിട്ടുള്ളത്. ഗവി, വയനാട്, മൂന്നാർ, കന്യാകുമാരി, പൊന്മുടി തുടങ്ങി വിവിധ സ്ഥലങ്ങളിലേക്കാണു യാത്രകൾ.

ആറിനു വൈകിട്ട് 7നു പുറപ്പെട്ട് എൻ ഊര്, പൂക്കോട്ട് തടാകം, ഹണി മ്യൂസിയം, കാരപ്പുഴ ഡാം, മാവിലാതോട്, പഴശ്ശി സ്മാരകം കുറുവ ദ്വീപ് ബാണാസുരസാഗർ ഡാം, ജൈന ക്ഷേത്രം, എടയ്ക്കൽ ഗുഹ, അമ്പലവയൽ, ഹെറിറ്റേജ് മ്യൂസിയം, സൂചിപ്പാറ വെള്ളച്ചാട്ടം, ജംഗിൾ സഫാരി, തുടങ്ങിയവ ഉൾപ്പെടുന്ന മൂന്നു ദിവസത്തെ വയനാട് യാത്രയ്ക്കു 4100 രൂപയാണു ചെലവ്.



## വിശ്വഹിന്ദു പരിഷത്ത് അനുശോചിച്ചു



**കൊച്ചി :** ജസ്റ്റീസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ നിര്യാണത്തിൽ വിശ്വ ഹിന്ദു പരിഷത്ത് അനുശോചിച്ചു.

ഹൈന്ദവ, ക്ഷേത്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തിത്വവും എറണാകുളം കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിന്റെ രക്ഷാധികാരിയും മാർഗ്ഗദർശിയുമായിരുന്നു അദ്ദേഹം. ജസ്റ്റീസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ മാതാവ് തോട്ടത്തിൽ പാറുക്കുട്ടിയമ്മ വിശ്വ ഹിന്ദു പരിഷത്തിന്റെ പ്രഥമ സംസ്ഥാന ഉപാധ്യക്ഷയായിരുന്നു. എക്കാലവും സനാതന ധർമ്മ മൂല്യം ഉയർത്തിപ്പിടിച്ച് പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന്റെ വിയോഗം വിശ്വഹിന്ദു പരിഷത്തിന് തീരാനഷ്ടമാണെന്ന് സംസ്ഥാന അദ്ധ്യക്ഷൻ വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ എന്നിവർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

## കെഎസ്ആർടിസിറോഡ് നിർമാണം ആരംഭിച്ചു

**പാലക്കാട്:** ഡിപിഒ കെഎസ്ആർടിസി ബൈപാസിന്റെ തുടർച്ചയായി കെഎസ്ആർടിസിവിത്തുണ്ണി റോഡ് നിർമാണം ആരംഭിച്ചു.എസിഎം അബൂബക്കർ റോഡിന്റെ മധ്യത്തിലൂടെ പോകുന്ന മലമ്പുഴ ജലസേചന കനാലിനു മുകളിൽ സ്ലാബിട്ടാണു പുതിയ പാത നിർമിക്കുന്നത്. ഈ പാത നേരെ സൗഹൃദം റോഡിലേക്കു ബന്ധിപ്പിക്കും. പദ്ധതി പൂർത്തിയാകുന്നതോടെ കെഎസ്ആർടിസി റോഡിൽ നിന്നു വലിയങ്ങാടിയിലേക്കുള്ള ബൈപാസ് കൂടിയാകും ഇത്. കനാലിനു മുകളിൽ 420 മീറ്റർ നീളത്തിലാണ് സ്ലാബിടുക. ഇരുവശത്തുമുള്ള റോഡുകൾ! കൂടി ഇതിലേക്കു ബന്ധിപ്പിക്കുന്നതോടെ നല്ല വീതിയിൽ പുതിയ പാത യാഥാർഥ്യമാകും.

പുതിയ ബൈപാസിന്റെ തുടർച്ചയായ സൗഹൃദം റോഡ് ചെന്നെത്തുന്നത് ബിഗ് ബസാർ സ്കൂളിന്റെ മുന്നിലുള്ള പാതയിലേക്കാണ്. വലിയങ്ങാടിയുടെ ഭാഗം കൂടിയാണിത്. റോഡ് നിർമാണത്തിനായി 5.35 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആവശ്യമെങ്കിൽ അടുത്ത ഘട്ടത്തിൽ കൂടുതൽ തുക വകയിരുത്തുമെന്നു ഷാഫി പറമ്പിൽ എംഎൽഎ പറഞ്ഞു.

## ജലജീവൻ പദ്ധതി നിർമാണം പുരോഗമിക്കുന്നു

**കോട്ടായി:** പഞ്ചായത്ത് സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ നിർമാണ പ്രവർത്തനം പകുതിയിലേറെ പൂർത്തിയായി. ജലസംഭരണി, കിണർ, ഫിൽറ്റർ പ്ലാന്റ്, പൈപ്പ് സ്ഥാപിക്കൽ ജോലികളാണ് നടക്കുന്നത്. ഫിൽറ്റർ പ്ലാന്റും ഒരു ജലസംഭരണിയും പൊലീസ് സ്റ്റേഷനു സമീപമാണ് നിർമാണം നടക്കുന്നത്. മൃഗാശുപത്രിയിൽ നിന്നു പഞ്ചായത്ത് ഏറ്റെടുത്ത 50 സെന്റ് സ്ഥലത്താണ് ശുചീകരണശാലയുടെയും സംഭരണിയുടെയും പണി നടക്കുന്നത്.

രണ്ടാമത്തെ ജലസംഭരണി ഓടനൂരിനു സമീപം നിർമിക്കും. സംഭരണിക്കാവശ്യമായ സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും പഞ്ചായത്ത് ഏറ്റെടുത്ത് കഴിഞ്ഞു. ഭാരതപ്പുഴയിലെ മുട്ടിക്കടവ് തടയണയ്ക്കു സമീപമാണ് കിണറിന്റെ നിർമാണം നടക്കുന്നത്. പൈപ്പ് സ്ഥാപിക്കുന്ന ജോലിയും പകുതിയിലേറെ പിന്നിട്ടു. ഈ വർഷം തന്നെ പദ്ധതി നിർമാണം പൂർത്തിയാക്കാനാണ് തീരുമാനം. പദ്ധതിക്ക് 56 കോടി രൂപയാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. നിർമാണം പൂർത്തിയാകുന്നതോടെ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും സമീപ പഞ്ചായത്തിലെ കുറച്ച് പ്രദേശത്തും ശുദ്ധജല വിതരണം സാധ്യമാവും വിധത്തിലാണ് പദ്ധതി.




ആലുവ ഗവ ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന പ്രതിഷേധ യോഗം ഫെഡറേഷൻ ഓഫ് ഹയർ സെക്കണ്ടറി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ വൈസ് ചെയർമാൻ വി. പി. സാജൻ ഉദ്ഘാടനം ചെയ്യുന്നു

## മൂല്യനിർണ്ണയ ക്യാമ്പുകളിൽ കറുപ്പണിഞ്ഞ് ഹയർ സെക്കണ്ടറി അധ്യാപകരുടെ പ്രതിഷേധം

**പറവൂർ :** ഖാദർ കമ്മിറ്റിയുടെ രണ്ടാം ഘട്ട റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തകർച്ചക്ക് കാരണമാകുന്ന ഹൈസ്കൂൾ ഹയർ സെക്കണ്ടറി ഏകീകരണ നടപടികൾ തുടങ്ങാൻ സർക്കാർ നീക്കങ്ങളാരംഭിച്ചതിനെ തുടർന്ന് പ്രതിഷധവുമായി ഹയർസെക്കൻഡറി അധ്യാപകർ.

ഹയർ സെക്കണ്ടറി മൂല്യനിർണ്ണയം നടക്കുന്ന ആലുവ ഗവ ഹയർ സെക്കണ്ടറി സ്കൂളിൽ പ്രതിഷേധത്തിന്റെ ഭാഗമായി അധ്യാപകർ കരിദിനമാചരിച്ചു.

ക്യാമ്പിൽ പങ്കെടുക്കുന്ന മുഴുവൻ അധ്യാപകരും കറുത്ത വസ്ത്രം ധരിച്ച് പ്രതിഷേധ യോഗം ചേർന്നു.

യോഗം ഫെഡറേഷൻ ഓഫ് ഹയർ സെക്കണ്ടറി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ വൈസ് ചെയർമാൻ വി. പി. സാജൻ ഉദ്ഘാടനം ചെയ്തു.

രാജേഷ് കെ. എസ്, അനു കുമാർ, ജെയ്സൺ ജോസഫ് എന്നിവർ നേതൃത്വം നൽകി.



## മണ്ണടി കടമ്പനാടിന്റെ നെല്ലറ; സപ്ലൈകോയ്ക്ക് നൽകിയത് ഒരുലക്ഷം കിലോ നെല്ല്

**മണ്ണടി:** പ്രതിസന്ധികളെ അതിജീവിച്ച് കർഷകർ പാകമാക്കിയ നെല്ലിൽ 100 ടൺ സപ്ലൈകോയ്ക്ക് നൽകി. കടമ്പനാട് പഞ്ചായത്തിന്റെ നെല്ലറ എന്ന് വിശേഷിപ്പിക്കാവുന്ന മണ്ണടി പ്രദേശത്തു നിന്നാണ് കർഷകർ സ്വന്തം ഉപയോഗത്തിന് നീക്കിവച്ച ശേഷം ബാക്കിയുള്ള 100 ടൺ സപ്ലൈകോയ്ക്ക് നൽകിയത്. താഴത്ത് വയൽ, കാഞ്ഞിരവയൽ, കാരിക്കുഴി, നിലമേൽ, അവിഞ്ഞിയിൽ വെള്ളൂർ പാടശേഖരങ്ങളിൽ നിന്നാണ് കൃഷി വകുപ്പിന്റെ സഹായത്തോടെ സപ്ലൈകോ കർഷകരിൽ നിന്ന് നെല്ല് സംഭരിച്ചത്.ഇതിൽ നിലമേൽ,അവിഞ്ഞിയിൽ പാടശേഖരങ്ങൾ ഒഴിച്ച് ബാക്കിയെല്ലാം താഴത്ത് പ്രദേശത്താണ്.

കഴിഞ്ഞ രണ്ടു വർഷം പ്രതിസന്ധികൾ നേരിട്ടിരുന്നു. ഇക്കുറി കാലാവസ്ഥ അനുകൂലമായതിനാൽ നല്ല വിളവ് ലഭിച്ചതായി കർഷകർ പറഞ്ഞു. വേനൽ മഴയ്ക്കു മുൻപ് യന്ത്രം എത്തിയതിനാൽ കൊയ്തെടുക്കാൻ കഴിഞ്ഞു. കൊയ്ത്തു തീരും വരെ കനാൽ തുറക്കാഞ്ഞതും കർഷകർക്ക് ആശ്വാസം പകർന്നു. വർഷങ്ങളായി തരിശു കിടന്നിരുന്ന പാടശേഖരങ്ങളിൽ സമഗ്ര നെൽക്കൃഷി വികസന പദ്ധതിയിലൂടെയാണ് കൃഷി തിരിച്ചു വന്നത്. എന്നാൽ പ്രതിസന്ധികൾ കാരണം വീണ്ടും തരിശിടേണ്ടി വന്ന പാടശേഖരത്ത് പാടശേഖര സമിതിയുടെ നേതൃത്വത്തിൽ കർഷകർ കൂട്ടായും ഒറ്റയ്ക്കും കൃഷി തുടർന്നു.

ഫലപ്രദമായ ജലസേചന സംവിധാനമില്ലാത്തതിനാൽ വേനൽക്കാലത്തും മഴക്കാലത്തും കർഷകർ പ്രയാസം നേരിടുന്നു. മഴക്കാലത്ത് അധിക ജലം പുറത്തു കളയാനും വേനൽക്കാലത്ത് വെള്ളം എത്തിക്കുന്നതിനും കൊയ്ത്തു കാലത്ത് വെള്ളം നിയന്ത്രിച്ച് നിർത്തുന്നതിനും സംവിധാനമില്ല. ഇക്കുറി പ്രളയവും വരൾച്ചയും കൃഷിയെ ബാധിച്ചില്ല. അതിനാൽ നല്ല വിളവ് ലഭിച്ചെന്നും കൃഷി വകുപ്പിന്റെ പിന്തുണ ലഭിച്ചതിനാൽ സമയത്ത് കൊയ്ത്തു നടത്തി നെല്ല് സംഭരിച്ച് നൽകാൻ കഴിഞ്ഞതായും പാടശേഖര സമിതി സെക്രട്ടറി വാസുദേവൻ പിള്ള പറഞ്ഞു.



## അവധിക്കാല യാത്രയ്ക്കായി മുസിരിസ് ബോട്ട് സർവീസ്

**കൊടുങ്ങല്ലൂർ:** അവധിക്കാല യാത്രയൊരുക്കാൻ മുസിരിസ് ഹോപ് ഓൺ ഹോപ് ഓഫ് ബോട്ട് സർവീസ് ഒരുങ്ങി. 2000 വർഷം പഴക്കമുള്ള മുസിരിസ് പൈതൃക പദ്ധതിപ്രദേശം, കായൽഭംഗി ആസ്വദിച്ചു കാണുന്നതിനാണ് സർവീസ്. മുസിരിസ് ഹെറിറ്റേജ് പ്രൊജക്ട് കമ്പനിക്കു കീഴിലുള്ള ബോട്ടുകളിൽ 3 എണ്ണം മാത്രമാണ് വേനൽക്കാല അവധിയിൽ സർവീസ് നടത്തുന്നത്. 14 ബോട്ടുകൾ അറ്റകുറ്റപ്പണിക്കായി കൊണ്ടുപോകുകയാണ്. മുസിരിസ് ടൂറിസം പദ്ധതിയിൽ വടക്കൻ പറവൂർ മുതൽ കൊടുങ്ങല്ലൂർവരെ 12 ബോട്ട് ജെട്ടികളാണു നിർമിച്ചിട്ടുള്ളത്.

വടക്കൻ പറവൂരിലെയും കൊടുങ്ങല്ലൂരിലെയും ചരിത്ര സ്മാരകങ്ങളും മ്യൂസിയങ്ങളുമെല്ലാം ജലമാർഗം ബന്ധിപ്പിച്ചാണു ബോട്ട് സർവീസ്. കോട്ടപ്പുറം വാട്ടർ ഫ്രണ്ടിൽ നിന്നു തുടങ്ങി കോട്ടപ്പുറം കോട്ട, പാലിയം കൊട്ടാരം, നാലുകെട്ട്, ചേന്ദമംഗലം സിനഗോഗ്, ചെറായി സഹോദരൻ അയ്യപ്പൻ മ്യൂസിയം, പള്ളിപ്പുറം മഞ്ഞുമാത പള്ളി, അഴീക്കോട് മാർത്തോമ്മാ തീർഥ കേന്ദ്രം എന്നിവിടങ്ങളിലൂടെയാണ് യാത്ര. 24 പേർക്കും 16 പേർക്കും യാത്ര ചെയ്യാവുന്ന പാക്കേജുകളാണ് ശ്രദ്ധ നേടിയിട്ടുള്ളത്.

5 പേരുൾപ്പെടുന്ന ഫാമിലി ട്രിപ്പും സർവീസിൽ ഉൾപ്പെടും. പറവൂർ വാട്ടർ ഫ്രണ്ടിൽ നിന്നു ചെറായി സഹോദരൻ അയ്യപ്പൻ സ്മാരകം വരെ സായാഹ്ന സർവീസും ഒരുക്കിയിട്ടുണ്ട്. ഒരാൾക്ക് 160 രൂപ. കോട്ടപ്പുറത്തുനിന്ന് ഒരു മണിക്കൂർ സായാഹ്ന യാത്രയും ഒരുക്കിയിട്ടുണ്ട്. 160 രൂപയാണ് ചാർജ്. മിനിമം 10 പേർക്കാണ് യാത്രാ സൗകര്യം. ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 5 വരെയാണ് യാത്രാസമയം. 902086 4649.

## പെരുവണ്ണാമൂഴി ഡാമിൽ ജലനിരപ്പ് കുറയുന്നു

**ചക്കിട്ടപാറ:** വേനൽ കടുത്തതതോടെ പെരുവണ്ണാമൂഴി ഡാം റിസർവോയറിൽ ജലനിരപ്പ് കുറഞ്ഞു. കുറ്റ്യാടി ജലസേചന പദ്ധതി, ജപ്പാൻ സഹായ കുടിവെള്ള പദ്ധതി, ജല അതോറിറ്റി പദ്ധതി എന്നിവയുടെ ജലസ്രോതസ്സ് ഈ ഡാം ആണ്. കഴിഞ്ഞ വർഷത്തേക്കാൾ 2.43 മീറ്റർ ജലം ഡാമിൽ കുറവാണ്. 2022 ഏപ്രിൽ 3ന് 38.26 മീറ്റർ വെള്ളം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്നലെ 35.83 മീറ്റർ ജലമാണ് ഡാമിൽ ഉള്ളത്. കുറ്റ്യാടി ജലസേചന പദ്ധതിക്കായി ഡാം ഷട്ടർ 85 സെന്റീമീറ്റർ ഉയർത്തിയാണ് കനാലിലേക്ക് ജലം ഒഴുക്കുന്നത്. ഇത് പരമാവധി 90 സെന്റീമീറ്റർ വരെ ഉയർത്തും.

കനാൽ തുറക്കുന്നതു വരെ സ്പിൽവേ തുറന്നിട്ട് കുറ്റ്യാടി പുഴയിലേക്ക് വെള്ളം ഒഴുക്കിയിരുന്നു. കക്കയം ഡാമിൽ നിന്നും വൈദ്യുതി ഉൽപാദന ശേഷം പുറന്തള്ളുന്ന ജലവും പെരുവണ്ണാമൂഴി റിസർവോയറിലേയ്ക്കാണ് എത്തുന്നത്.



## പറശ്ശിനിക്കടവ് ബോട്ട് സർവീസ് 5 മുതൽ; ടൂറിസ്റ്റ് ഡെക്കർ ബോട്ട് എത്തിച്ചു

**മാട്ടൂൽ:** സർവീസ് നിലച്ചിട്ട് രണ്ട് മാസം പിന്നിട്ട മാട്ടൂൽ പറശ്ശിനിക്കടവ് റൂട്ടിൽ സർവീസ് പുനരാരംഭിക്കാൻ നടപടിയായി. ഇതിനായി ആലപ്പുഴയിൽ നിന്ന് പുതിയ ടൂറിസ്റ്റ് ഡെക്കർ ബോട്ട് എത്തിച്ചു. 58 ദിവസമായി ബോട്ട് സർവീസ് നിലച്ചത് മലയാള മനോരമ ചിത്രം സഹിതം വാർത്ത നൽകിയിരുന്നു. ഇതിന് പിന്നാലെയാണ് നടപടി. പ്രശ്നത്തിൽ ജനപ്രതിനിധികളും ഇടപെട്ടു. 5ന് സർവീസ് ആരംഭിക്കാനാണ് തീരുമാനം.

നേരത്തെ സർവീസ് നടത്തിയിരുന്ന ബോട്ട് അറ്റകുറ്റപ്പണി കഴിഞ്ഞ് വരുന്നത് വരെ ഡക്ക് ബോട്ട് തന്നെ സർവീസ് നടത്തും. രാവിലെ 11.45ന് പറശ്ശിനിക്കടവിൽ നിന്ന് മാട്ടൂലിലേക്ക് സർവീസ് ആരംഭിക്കും. ഉച്ചയ്ക്ക് 2ന് മാട്ടൂലിൽ നിന്നും പറശ്ശിനിക്കടവിലേക്ക് തിരിക്കും. ടൂറിസ്റ്റ് ബോട്ട് ഉപയോഗപ്പെടുത്തി പറശ്ശിനിക്കടവ് കേന്ദ്രീകരിച്ച് വിനോദ യാത്രയ്ക്കുള്ള സൗകര്യവും ഒരുക്കും.

സർവീസ് വിജയകരമാകും എന്നാണ് പ്രതീക്ഷ. ആലപ്പുഴയിൽ നിന്നും എസ് 26 അപ്പർ ഡക്ക് ബോട്ട് ഇന്നലെ വൈകിട്ട് 3നാണ് മാട്ടൂൽ വഴി അഴീക്കൽ ബോട്ട് പാലത്തിന് സമീപം എത്തിയത്. ബോട്ടിൽ കണ്ണൂർ പറശ്ശിനിക്കടവ് സ്റ്റേഷൻ മാസ്റ്റർ ടി.എസ്.സുനിൽകുമാർ, സെക്കൻഡ് ക്ലാസ് മാസ്റ്റർ എൻ.കെ.സരീഷ്, ഡ്രൈവർ പി. ദിലീപ് കുമാർ, ലാസ്കർ മാരായ എം.സന്ദീപ്, പി.സജീവൻ എന്നിവർ ഉണ്ടായിരുന്നു.



# ശാന്തിഗിരി വിശ്വജ്ഞാന മന്ദിരം 10ന് നാടിന് സമർപ്പിക്കും

**കോഴിക്കോട്:** കക്കോടി ആനാവുകുന്നിൽ ഇതൾ വിരിയുന്ന കോഴിക്കോട് ശാന്തിഗിരിയുടെ ആത്മീയ സൗധമായ വിശ്വജ്ഞാന മന്ദിരം 10നു രാവിലെ 10.30നു ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നാടിനു സമർപ്പിക്കും. 9ന് രാവിലെ 9ന് ആശ്രമം ഗുരുസ്ഥാനീയ ശിഷ്യ അമൃതജ്ഞാന തപസ്വിനി വിശ്വജ്ഞാന മന്ദിരത്തിനു തിരിതെളിക്കും. മന്ദിരത്തിന്റെ മധ്യഭാഗത്തായുള്ള മണ്ഡപത്തിൽ കരുണാകര ഗുരുവിന്റെ എണ്ണച്ഛായാ ചിത്രം പ്രതിഷ്ഠിക്കും. ജാതിമത ഭേദമേന്യേ ആർക്കും സന്ദർശിക്കാമെന്നതാണ് വിശ്വജ്ഞാന മന്ദിരത്തിന്റെ സവിശേഷതയെന്ന് ശാന്തിഗിരി ഹെൽത്ത് കെയർ ആൻഡ് റിസർച് ഓർഗനൈസേഷൻ മേധാവി സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയും സ്വാമി ആത്മധർമൻ ജ്ഞാനതപസ്വിയും പറഞ്ഞു.

14,000 ചതുരശ്ര അടി വിസ്തൃതിയിലും 72 അടി ഉയരത്തിലും മൂന്നു നിലകളിലായാണ് ആത്മീയ സൗധം. ഓരോ നിലയിലും 36 ഇതളുകളുള്ള പൂർണമായി വിടർന്ന 12 വീതം താമര ശിൽപം, അകത്തളത്തിൽ 34 തൂണുകൾ, താഴത്തെ നിലയിൽ മധ്യഭാഗത്തായി 21 അടി ചുറ്റളവിൽ മണ്ഡപം, അതിനോടു ചേർന്ന് ബാലാലയം എന്നിവയുണ്ടാകും. മുകളിലത്തെ നിലകളിൽ ഗുരു ഉപയോഗിച്ചിരുന്ന സാധനങ്ങൾ സൂക്ഷിക്കുന്ന മ്യൂസിയമാണുള്ളത്.

സമർപ്പണ ആഘോഷങ്ങളുടെ ഭാഗമായി 6ന് ഫ്രീഡം സ്ക്വയറിൽ വലിയ മൺചിത്രമൊരുങ്ങും. 8ന് കാരുണ്യം ആരോഗ്യ പദ്ധതിയുടെ ഭാഗമായി കക്കോടി പടിഞ്ഞാറ്റുമുറി ഗവ. യുപി സ്കൂളിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാംപ് നടക്കും. 9നു രാവിലെ നടക്കുന്ന ചടങ്ങിൽ കോഴിക്കോട്ടെ വിവിധ മേഖലകളിലെ 150 പ്രമുഖരെ ആദരിക്കും.



## കൊച്ചി കാൻസർ റിസർച്ച് സെന്റർ നവംബറിൽ പൂർത്തിയാകും: മന്ത്രി പി.രാജീവ്

**കൊച്ചി:** കൊച്ചി കാൻസർ റിസർച്ച് സെന്റർ നവംബറിലും എറണാകുളം മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഒക്ടോബറിലും പൂർത്തിയാകുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. കാൻസർ സെന്ററിന്റെയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും നിർമ്മാണ സൈറ്റുകൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തി സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി ജില്ലയിലെ പ്രധാന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായാണ് മന്ത്രി നിർമ്മാണ സൈറ്റുകൾ സന്ദർശിച്ചത്.

നിലവിൽ എറണാകുളം ഗവ.മെഡിക്കൽ കോളജിലെ കെട്ടിടത്തിലാണ് കാൻസർ സെന്റർ പ്രവർത്തിക്കുന്നത്. കളമശേരിയിലെ മെഡിക്കൽ കോളജിന്റെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് 368 കോടി രൂപ ചെലവിൽ 8 നിലയിൽ 8.27 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിലാണ് സജ്ജമാകുന്നത്. സിവിൽ ജോലികൾ 85 ശതമാനം പൂർത്തിയായി. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിങ് ജോലികൾ 25 ശതമാനവും പൂർത്തിയായി.രണ്ടു പദ്ധതികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒന്നിടവിട്ട ശനിയാഴ്ച്ചകളിൽ ബന്ധപ്പെട്ട വകുപ്പുകൾ, കോൺട്രാക്ടർമാർ, ഇൻകൽ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി യോഗം ചേരും. എല്ലാ മാസവും സർക്കാർ തലത്തിലും യോഗം ചേരും.

ഇരു പദ്ധതികളുടെയും സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് നിയമനങ്ങൾ നടത്തേണ്ടതുണ്ട്. മെഡിക്കൽ കോളജ് സ്റ്റാഫ് പാറ്റേൺ സാമ്പത്തിക വകുപ്പിന്റെ പരിഗണനയിലാണ്. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മന്ത്രിതല പ്രത്യേക യോഗം ചേരുമെന്നും മന്ത്രി പറഞ്ഞു.

# മെഡി. കോളജ് മാസ്റ്റർ പ്ലാൻ പരിഗണനയിൽ: മുഖ്യമന്ത്രി

**മാനന്തവാടി:** വയനാട് മെഡിക്കൽ കോളജ് വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ സർക്കാരിന്റെ പരിഗണനയിലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മെഡിക്കൽ കോളജ് ആശുപത്രിയിൽ പുതുതായി നിർമിച്ച കാത്ത് ലാബും മൾട്ടി സ്പെഷ്യൽറ്റി കെട്ടിടവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.




ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പോഷകാഹാര കുറവ്, വിളർച്ച, അരിവാൾ രോഗം എന്നിവ നേരത്തെ തന്നെ കണ്ടെത്തി ചികിത്സയും സഹായങ്ങളും നൽകുവാനുള്ള പദ്ധതികൾ ജില്ലയിൽ നടക്കുന്നുണ്ട്. പ്രസവ ചികിത്സ സംവിധാനം, ഊരുമിത്രം പദ്ധതി, അരിവാൾ രോഗികൾക്കായുള്ള സമാശ്വാസ പദ്ധതി, ക്ഷയരോഗ നിർണയ പദ്ധതികൾ, ആന്റി റാബിസ് ക്ലിനിക് തുടങ്ങി ഒട്ടേറെ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു.

ജില്ലയിലെ ആരോഗ്യമേഖലയ്ക്ക് ഹൈടെക് സ്കിൽ ലാബും ഏറെ ഗുണകരമാകും. 70 ലക്ഷം രൂപ ചെലവിൽ 2,850 ചതുരശ്ര അടിയിലാണ് ഹൈടെക് സ്കിൽ ലാബ്. വയനാട്ടിലും സമീപ ജില്ലകളിലും ആരോഗ്യ മുന്നേറ്റത്തിൽ ഏറെ സംഭാവനകൾ നൽകാൻ പര്യാപ്തമായ സംവിധാനമാണ് മെഡിക്കൽ കോളജിൽ ഒരുക്കിയിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു.

ഒ.ആർ. കേളു എംഎൽഎ, കലക്ടർ ഡോ. രേണു രാജ്, മുൻ മന്ത്രി പി.കെ. ജയലക്ഷ്മി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ഡിഎംഒ ഡോ. പി. ദിനീഷ്, ചീഫ് എൻജിനീയർ എൽ. ബീന, ഡോ. ജി. ഗോപകുമാരൻ നായർ, ഡോ. തോമസ് മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

## പഴക്കം ചെന്ന 15 കെഎസ്ആർടിസി ബസുകൾ ഒഴിവാക്കി

കാസർകോട്: കെഎസ്ആർടിസി കാസർകോട്, കാഞ്ഞങ്ങാട് ഡിപ്പോകളിലെ 14 ബസുകൾ സർവീസ് റദ്ദാക്കി. 15 വർഷം പഴക്കമുള്ള ബസുകൾ പിൻവലിക്കാനുള്ള തീരുമാനം അനുസരിച്ചാണ് ഇവ റദ്ദാക്കിയത്. 15 വർഷം പഴക്കമുള്ള 16 ബസുകളാണുള്ളത്. ഇതിൽ 14 ബസുകളും ഇന്നലെ സർവീസ് നടത്തുന്നതിനിടെയാണു പിൻവലിച്ചത്.



# എന്റെ കേരളം മെഗാ പ്രദർശന മേള:സംരംഭകരെ കോർത്തിണക്കി വ്യവസായ വകുപ്പ്

**കൊച്ചി:** സ്വന്തമായി ഒരു ബിസിനസ് ആരംഭിക്കണമെന്ന ആഗ്രഹത്തിലാണ് നെട്ടൂർ മാധവപ്പിള്ളിൽ സൂരജ് സ്ഥിര വരുമാനമുള്ള ജോലി ഉപേക്ഷിച്ചത്. സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം എന്ന ആശയമാണ് സൂരജിന് പ്രതീക്ഷ നൽകിയത്. അങ്ങനെയാണ് സംരംഭക വർഷത്തിൽ തനിക്കും ഒരു സംരംഭകനാകണമെന്ന് തീരുമാനിച്ചത്.പലപ്പോഴും ബിസിനസിനെ കുറിച്ച് ആലോചിച്ചപ്പോഴെല്ലാം ബിസിനസ് തുടങ്ങുന്നതിന്റെ നൂലാമാലകൾ പിന്നോട്ട് വലിച്ചു. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി ഇത്തരം നൂലാമാലകൾ ഒരു കുടക്കീഴിൽ ശരിയാക്കാം എന്ന പ്രതീക്ഷ സൂരജിലെ ബിസിനസുകാരനെ വീണ്ടും ഉണർത്തി. അങ്ങനെയാണ് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതും അധികമാരും കൈ വയ്ക്കാത്ത സോയ ബീൻ ഉപയോഗിച്ച് ബിസിനസ് ആരംഭിക്കുന്നതും.സോയ ഉപയോഗിച്ച് മിൽക്ക്, പനീർ, ഫ്ലേവേർഡ് മിൽക്ക്, മസാല ടോഫു തുടങ്ങിയ ഉൽപ്പന്നങ്ങൾ സൂരജിന്റെ ഉടമസ്ഥതയിൽ മരടിൽ പ്രവർത്തിക്കുന്ന വെറ്റ് ഫുഡ് പ്രൊഡക്ട് എന്ന കമ്പനി ഉല്പാദിപ്പിക്കുന്നുണ്ട്. 2022 ഡിസംബറിൽ ആണ് കമ്പനി ആരംഭിച്ചത്. രാസ പദാർത്ഥങ്ങളില്ലാതെ കേരളത്തിലുടനീളം സോയ ഉൽപ്പന്നങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കമ്പനി പ്രവർത്തിക്കുന്നത്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ വനിതാ സംരംഭമായിട്ടാണ് സുമ പ്രാണ കെയ്സൺ ഒ ഇ എം എന്ന സ്ഥാപനം ആരംഭിക്കുന്നത്. അക്കൗണ്ടന്റ് ആയിരുന്ന സുമ അവിടെ നിന്നും രാജിവെച്ചാണ് സംരംഭക ആകുന്നത്.40 ലക്ഷം മുതൽമുടക്കി ആരംഭിച്ച ഈ സ്ഥാപനം 12 പേർക്ക് തൊഴിൽ നൽകുന്നു. സ്ത്രീകൾക്ക് ഏറ്റവും ആവശ്യമുള്ള സാനിറ്ററി നാപ്കിനുകൾ നശിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ, ടച്ച് സ്ക്രീൻ കിയോസ്കുകൾ എന്നിവയ്ക്കാണ് ഇവിടെ ആവശ്യക്കാർ എത്തുന്നത്. കൂടാതെ വിദ്യാലയങ്ങളിൽ കോയിൻ ഇട്ട് സാനിറ്ററി നാപ്കിനുകൾ വാങ്ങുന്നതിനുള്ള മെഷീനും ആവശ്യക്കാരുണ്ട്.കേരളത്തിലെ ഹോം മെയ്ഡ് ചോക്ലേറ്റ് കൊണ്ട് ടൂറിസ്റ്റുകളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫോർട്ട്കൊച്ചിയിൽ അബ്ദുൽ സമദ് നിസാം ചെയ്തുകൊണ്ടിരുന്ന മെക്കാനിക്കൽ ജോലി ഉപേക്ഷിച്ച് സംരംഭകരാകുന്നത്. സർക്കാർ സഹായത്തോടെ സ്വന്തമായി ചോക്ലേറ്റ് പ്രൊഡക്ഷൻ യൂണിറ്റ് ആണ് ആരംഭിച്ചിരിക്കുന്നത്. ക്യാരമൽ, ആൽമണ്ട്, ബട്ടർ സ്കോച്ച് തുടങ്ങി 50 തരം മോഡലുകളിൽ ചോക്ലേറ്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആരുടെയെങ്കിലും കീഴിൽ ജോലി ചെയ്യാൻ താൽപര്യപ്പെടാതെ സ്വന്തമായി പറക്കാൻ ആഗ്രഹിക്കുന്ന നിരവധി പേർക്ക് ആശ്രയമായിരിക്കുകയാണ് സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും. ആകർഷണീയമായ വിധത്തിൽ വിവിധ സംരംഭകരെ കോർത്തിണക്കിയാണ് എന്റെ കേരളം 2023 മെഗാ പ്രദർശന മേളയിൽ വ്യവസായ വകുപ്പ് സ്റ്റാളുകൾ ഒരുക്കിയിരിക്കുന്നത്. വീട്ടിലിരുന്ന് ചെയ്യാൻ സാധിക്കുന്ന ചെറിയ സംരംഭങ്ങൾ മുതൽ എൽ ഇ ഡി ഫാൻ, കിച്ചൻ ക്യാബിനറ്റ് തുടങ്ങിയ വലിയ മുതൽ മുടക്കുള്ള സംരംഭങ്ങൾ വരെ സംരംഭക വർഷത്തിൽ സംസ്ഥാനത്താകമാനം ആരംഭിച്ചിട്ടുണ്ട്. ഇവയുടെ വ്യത്യസ്തത കോർത്തിണക്കിയാണ് സ്റ്റാളുകളുടെ ക്രമീകരണവും. 46 വ്യത്യസ്ത വിഭാഗങ്ങളിലായി 81 സംരംഭക യൂണിറ്റുകളുടെ സ്റ്റാളുകളാണ് പ്രദർശന മേളയിൽ ഒരുക്കിയിരിക്കുന്നത്. പരമ്പരാഗത മേഖലയിലെ കയർ, കൈത്തറി ഉൽപ്പന്നങ്ങൾ മേളയിൽ വ്യവസായ വകുപ്പിന്റെ സ്റ്റാളിലെ മുഖ്യ ആകർഷണമാണ്. ചേന്ദമംഗലം കൈത്തറിയുടെ ഭാഗമായി ഒരുക്കിയ സ്റ്റാളിൽ കൈത്തറി വസ്ത്രങ്ങൾ നെയ്യുന്നത് നേരിട്ട് കാണാൻ അവസരം ഒരുക്കിയിട്ടുണ്ട്. കെൽട്രോണിൽ നിർമ്മിക്കുന്ന നവീനമായ ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ സ്റ്റാളുകൾ മുതൽ തുണി, ബാഗ് എന്നിവയുടെ യൂണിറ്റുകൾ, അത്തർ, ശുദ്ധമായ വെളിച്ചെണ്ണ, ബാറ്ററി, ഫൈബർ വാതിലുകൾ, സോപ്പ് നിർമ്മാണം, ഫുഡ് ഡ്രയർ മെഷീൻ, കൃത്യമ പല്ലുകൾ വരെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്താൻ സ്റ്റാളുകളിലൂടെ സാധിക്കുന്നുണ്ട്. സംരംഭങ്ങൾക്ക് കരുത്തേകാൻ നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.സംരംഭക വർഷത്തിന്റെ ഭാഗമായി 139815 സംരംഭങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചത്. 8417 കോടിയുടെ നിക്ഷേപവും ഉറപ്പാക്കി, 299943 പേർക്ക് തൊഴിലും നൽകി. കൂടാതെ സംരംഭകരുടെ പരാതികൾ 30 ദിവസത്തിനുള്ളിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ, സംരംഭകർക്ക് സബ്സിഡി പദ്ധതികൾ, കെ സ്വിഫ്റ്റിലൂടെ അഞ്ചു മിനിറ്റിനുള്ളിൽ എം എസ് എം ഇ ലൈസൻസ്, സർക്കാരിന്റെ വ്യാവസായിക നയം തുടങ്ങി സർക്കാരിന്റെ വിവിധ സേവനങ്ങളെ കുറിച്ചും കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക പരിപാടികളും വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പ്രദർശന മേളയിൽ ഒരുക്കിയിട്ടുണ്ട്.



# ജനതയുടെ വളർച്ചയിൽ ക്ലാസ് മുറികൾക്ക് വലിയ പ്രാധാന്യം : അഡ്വ. സെബാസ്റ്റ്യൻ പോൾ

**കൊച്ചി:** ജനതയുടെ വളർച്ചയിൽ ക്ലാസ് മുറികളുടെ പ്രാധാന്യം വളരെ വലുതാണെന്ന് മുൻ എം.പിയും എം.എൽ.എയുമായ അഡ്വ. സെബാസ്റ്റ്യൻ പോൾ. എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയിൽ പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'കരുത്താർന്ന പൊതു വിദ്യാഭ്യാസം കരുതലാർന്ന നേതൃത്വം' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തിയ അദ്ദേഹം പൊതുവിദ്യാഭ്യാസത്തിന്റെ വളർച്ചയെ കുറിച്ച് സംസാരിച്ചു.തെരുവിൽ അലഞ്ഞു നടന്ന് തന്നോടൊപ്പം കൂടുന്ന കുട്ടികൾക്കു വിദ്യ പകർന്നു നൽകി ഉത്തരങ്ങളിൽ നിന്നും ചോദ്യങ്ങൾ സൃഷ്ടിക്കുന്ന സോക്രട്ടീസിന്റെ പഠന രീതിയും ഇന്ത്യൻ വിദ്യാഭ്യാസ ചരിത്രത്തിലെ ഗുരുകുല സമ്പ്രദായവും, പള്ളി മേധാവിയായിരുന്ന ചാവറയച്ചന്റെ നിർദേശപ്രകാരം കേരളത്തിൽ ഉയർന്നുവന്ന പള്ളിക്കൂടവും ബ്രിട്ടീഷ് വിദ്യാഭ്യാസവുമെല്ലാം അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ ഭാഗമായി.കേരളത്തിന്റെ ആദ്യ മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശേരി ,അധ്യാപകർക്ക് അന്തസോടെ ജീവിക്കാനുള്ള സാഹചര്യം ഒരുക്കി നൽകിയത് പൊതു വിദ്യാഭ്യാസത്തിലെ നാഴികക്കല്ലായിരുന്നു. കേരളീയ നവോത്ഥാനത്തിന് ശിലയിട്ടത് പൊതു വിദ്യാഭ്യാസമായിരുന്നെന്നും സമൂഹത്തിന്റെ ശാക്തീകരണത്തിനും ഉന്നമനത്തിനും വിദ്യാഭ്യാസം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് നടന്ന പാനൽ ചർച്ചയിൽ വിദ്യാഭ്യാസ വകുപ്പ് ഉപ ഡയറക്ടർ ഹണി ജി അലക്സാണ്ടർ അധ്യക്ഷത വഹിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വടുതല സെന്റ് പീറ്റേഴ്സ് എൽ.പി സ്കൂളിലെ വിദ്യാർത്ഥികൾ വേദിയിൽ നാടകം അവതരിപ്പിച്ചു. വൈപ്പിൻ ബ്ലോക്ക് റിസോഴ്സ് സെന്ററിലെ ഭിന്നശേഷി കുട്ടികൾ അവതരിപ്പിച്ച ഗാനമേള വേദിയിൽ ആവേശമുണർത്തി.




## കേരള സഹകരണ സംഘ ബിൽ: സെലക്ട് കമ്മിറ്റി ഏപ്രിൽ 13 ന്

**കൊച്ചി:** പതിനഞ്ചാം കേരള നിയമസഭയുടെ 2022ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി ഏപ്രിൽ 13 രാവിലെ 10.30 ന് കലൂർ എ.ജെ ഹാളിൽ യോഗം ചേരും. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ വാസവൻ ചെയർമാനായ സെലക്ട് കമ്മിറ്റി ഇടുക്കി, എറണാകുളം ജില്ലകളിലെ പൊതുജനങ്ങൾ, ജനപ്രതിനിധികൾ, സഹകാരികൾ, സഹകരണ സംഘങ്ങളിലെ ജീവനക്കാർ, സഹകരണ സംഘങ്ങളിലെ ബോർഡ് അംഗങ്ങൾ എന്നിവരിൽ നിന്നും ബില്ലിലെ വ്യവസ്ഥകളിന്മേൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കും. 2022ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലും ഇതു സംബന്ധിച്ച ചോദ്യാവലിയും നിയമസഭാ വെബ്സൈറ്റിൽ (ംംം.ിശ്യമാമമെയവമ.ഴീ്) ലഭിക്കും. ബില്ലിലെ വ്യവസ്ഥകളിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ താൽപര്യമുള്ളവർക്ക് സെലക്ട് കമ്മിറ്റി യോഗത്തിൽ നേരിട്ടോ രേഖാമൂലമോ ഇ മെയിലായോ (ഹലഴശഹെമശേീി.സഹമ@ഴാമശഹ.രീാ) സമിതി ചെയർമാനോ നിയമസഭാ സെക്രട്ടറിക്കോ അയക്കാം.

## പ്രൊജക്ട് അസോസിയേറ്റ് ഒഴിവുകൾ

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ബയോടെക്നോളജി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന ഒരു ഗവേഷണ പദ്ധതിയിലേക്ക് താൽകാലികാടിസ്ഥാനത്തിൽ പ്രൊജക്ട് അസോസിയേറ്റിന്റെ (കെമിസ്ട്രി) ര് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യരായവർ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ റയേിുരാള്യശ@ ഴാമശഹ.രീാ എന്ന ഇമെയിലിലേക്ക് ഏപ്രിൽ 16ന് മുമ്പായി അയക്കണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് ംംം.രാള്യശ.ൃലെ.ശി

## വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജിൽ പ്രസൂതിത സ്ത്രീരോഗ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ രണ്ട് ഒഴിവുണ്ട്. തസ്തികയിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തി കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം, എ ക്ലാസ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ പ്രവൃത്തി പരിചയം അഭിലഷണീയം. കരാറടിസ്ഥാനത്തിൽ കാലാവധി പരമാവധി ഒരു വർഷമോ അതിനു മുമ്പ് സ്ഥിര നിയമനം നടത്തുന്നതുവരെയോ ആയിരിക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഏപ്രിൽ 12ന് രാവിലെ 11ന് കൂടിക്കാഴ്ചയ്ക്ക് തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജ് പ്രിൻസിപ്പാൾ മുമ്പാകെ ബയോഡാറ്റ, ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

# 'സില്ലി പ്രോബ്ലംസ്'; നൂതന ആശയങ്ങളുമായി കുഞ്ഞുടെക്കികൾ



**തിരുവനന്തപുരം:** തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന കെന്നഡീസ് ഐ.ക്യു കുട്ടികൾക്കായി ഒരുക്കിയ 'ഫ്യൂച്ചർ ഇന്നോവേറ്റഴ്സിൽ' നൂതന ആശയങ്ങളവതരപ്പിച്ച് ഇടിഞ്ഞാർ സർക്കാർ ട്രൈബൽ ഹൈസ്കൂളിലെ കുഞ്ഞുമിടുക്കന്മാരും മിടുക്കികളും. നിത്യജീവിതവുമായി ബന്ധപ്പെട്ട് എളുപ്പത്തിൽ പ്രയോജനപ്പെടുത്താനാവുന്ന ആറ് പുതുപുത്തൻ ആശയങ്ങളാണ് ടെക്നോപാർക്കിലെ ഓഫീസിൽ വച്ച് നടന്ന ചടങ്ങിൽ വിദ്യാർത്ഥികൾ അവതരിപ്പിച്ചത്. കെന്നഡീസ് ഐ.ക്യു ഗ്ലോബൽ മാനേജിങ് ഡയറക്ടർ സൂസന്നെ ലിവർസിഡ്ജ്, ഷഫീൽഡ് യുണൈറ്റഡ് എഫ്.സി വൈസ് പ്രസിഡന്റും ചെസ്റ്റർഫീൽഡ് റോയൽ ഹെൽത്ത് ആൻഡ് വെൽബീയിങ്ങ് ഹബ് ഡെവലപ്മെന്റ് ബോർഡ് മെമ്പറുമായ ബെവർലി വെബ്സ്റ്റർ, ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട.), ജിടെക് സെക്രട്ടറി ശ്രീകുമാർ വി, ഡി ക്യുബ് എ.ഐ സി.ഒ.ഒ മനു മാധവൻ എന്നിവർ മുഖ്യാതിഥികളായി. നിത്യജീവിതത്തിൽ നിസ്സാരമെന്ന് തോന്നുന്ന പ്രശ്നനങ്ങൾ സമ്മാനിക്കുന്ന വെല്ലുവിളികളാണ് പലപ്പോഴും പുത്തൻ ആശയങ്ങളിലേക്ക് വഴിവെയ്ക്കുന്നതെന്നും, വളർന്നു വരുന്ന യുവതലമുറ ആശയങ്ങളുടെ കലവറകളാണെന്നും കെന്നഡീസ് ഐ.ക്യു സി.ഇ.ഒ ടോണി ജോസഫ് പറഞ്ഞു. ടെക്നോപാർക്കിലേക്കെത്തിയ വിദ്യാർത്ഥികളെ സ്വാഗതം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികളായ അലീന മരിയ, ബുഷ്റ ബഷീർ, അസിയത് അസ്ന, ബ്ലെസ്സൺ ആർ, അശ്വജിത് എൻ.വി, ആദിത്യൻ എ എന്നിവരുടെ ആശയങ്ങളാണ് പുരസ്കാരങ്ങൾക്കർഹമായത്. ഈ വർഷമാദ്യം കെന്നഡീസ് ഐ.ക്യുവും ഡി ക്യൂബ് എ.ഐയും ചേർന്ന് ഇടിഞ്ഞാർ ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളിലെ രണ്ട് ക്ലാസ് റൂമുകൾ ഇന്റലിജന്റ് ഇന്ററാക്ടീവ് ക്ലാസ്റൂമാക്കി മാറ്റിയിരുന്നു.

# ജെ കെ ഷാ ക്ലാസസും ലോജിക് സ്കൂളും കൈകോർക്കുന്നു

**കൊച്ചി:** കൊമേഴ്സ്, ഫിനാൻസ് വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി, ലിസ്റ്റഡ് കമ്പനിയായ വരാന്ത ലേണിംഗ് സൊല്യൂഷൻസിൻറെ ഭാഗമായ ജെകെ ഷാ ക്ലാസസ് കൊച്ചിയിലെ ലോജിക് സ്കൂൾ ഓഫ് മാനേജ്മെൻറുമായി പങ്കാളിത്തം പ്രഖ്യാപിച്ചു.വിവിധ കൊമേഴ്സ് വിഭാഗം കോഴ്സുകൾക്കായി പ്രത്യേക പരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുന്ന ജെ കെ ഷാ ക്ലാസസ് , ലോജിക് സ്കൂൾ ഓഫ് മാനേജ്മെൻറ് എന്നീ ശക്തമായ രണ്ടു ബ്രാൻഡുകളുടെ സഹകരണം വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനകരമായിരിക്കുമെന്ന് ജെ കെ ഷാ ക്ലാസസ് ചെയർമാൻ ജെ കെ ഷാ അഭിപ്രായപ്പെട്ടു. എസിസിഎ ( യുകെ), സിഎംഎ യുഎസ് ( സർട്ടിഫൈഡ് മാനേജ്മെൻറ് അക്കൗണ്ടൻറ് ( സിഎംഎ) യുഎസ്, സർട്ടിഫൈഡ് പബ്ളിക് അക്കൗണ്ടൻറ് ( സിപിഎ) യുഎസ് തുടങ്ങിയ മേഖലയിൽ ലോജിക്കിൻറെ ശക്തമായ സാന്നിധ്യവും ചാർട്ടേഡ് അക്കൗണ്ടൻസി, കമ്പനി സെക്രട്ടറി, കോസ്റ്റ് ആൻഡ് മാനേജ്മെൻറ് അക്കൗണ്ടൻറ് ( സിഎംഎ) എന്നിവയിൽ ജെകെ ഷാ ക്ലാസാസിൻറെ അഖിലേന്ത്യ സാന്നിധ്യവും വിദ്യാർത്ഥികൾക്ക് വിജയകരമായ സാന്നിധ്യമൊരുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.ഈ സഹകരണത്തിലൂടെ വിദ്യാർത്ഥികൾക്ക് വളരെയധികം നേട്ടം ലഭിക്കുമെന്ന് ലോജിക് സ്കൂൾ ഓഫ് മാനേജ്മെന്റ് ഡയറക്ടർ സന്തോഷ് കുമാർ ചൂണ്ടിക്കാട്ടുന്നു. ഈ സഹകരണത്തിൻറെ ഏറ്റവും വലിയ ഗുണഭോക്താക്കൾ വിദ്യാർത്ഥികളായിരിക്കും. ഇതിലൂടെ എല്ലാ വിദ്യാർഥികൾക്കും ഏറ്റവും മികച്ചത് ലഭ്യമാകുന്നുവെന്ന് തങ്ങൾ ഉറപ്പാക്കുകയാണെന്നും സന്തോഷ് കുമാർ പറഞ്ഞു.കേരളത്തിൽ ഏഴു കേന്ദ്രങ്ങളിലുള്ള ലോജിക് സ്കൂൾ ഓഫ് മാനേജ്മെൻറിന് (എൽ എസ് എം) ഓരോ വർഷവും 4,000ലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. രാജ്യത്തുടനീളം എഴുപത്തിയഞ്ചിലധികം ശാഖകളുള്ള ജെ കെ ഷാ ക്ലാസുകൾ പ്രതിവർഷം 80,000ത്തിലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു.

# ഹാർദിക് പാണ്ഡ്യ ടാക്കോ ബെല്ലിന്റെ ബ്രാൻഡ് അംബാസഡർ

**കൊച്ചി:** മെക്സിക്കൻ പ്രചോദിത റസ്റ്റോറന്റ് ബ്രാൻഡായ ടാക്കോ ബെല്ലിന്റെ ബ്രാൻഡ് അംബാസഡറായി ഇന്ത്യൻ ക്രിക്കറ്റ് താരം ഹാർദിക് പാണ്ഡ്യയെ തിരഞ്ഞെടുത്തു. ടാക്കോ ബെല്ലിൽ നേരിട്ടോ അല്ലെങ്കിൽ ഡെലിവറി ആപ്പ് വഴിയോ ഓർഡറുകൾ നൽകാം. ഇതുവഴി എക്സ്ബോക്സ് എസ് സീരിസിന്റെ 12 മാസത്തെ ഗെയിംപാസ് നേടുന്നതിനും അവസരമുണ്ട്. ടാക്കോ ബെൽ പോലുള്ള ഒരു സൂപ്പർ കൂൾ ബ്രാൻഡുമായി അവരുടെ ഇന്ത്യയിലെ ആദ്യത്തെ ബ്രാൻഡ് അംബാസഡറായി പങ്കാളിയാകാൻ കഴിഞ്ഞതിൽ താൻ സന്തുഷ്ടനാണെന്ന് ഹാർദിക് പാണ്ഡ്യ പറഞ്ഞു.സമ്മാനത്തിന് അർഹത നേടുന്നതിനായി ഉപഭോക്താക്കൾക്ക് ടാക്കോ ബെൽ ആപ്പ് വഴിയോ ഫുഡ് ഡെലിവറി ആപ്പുകൾ വഴിയോ 10 അക്ക മൊബൈൽ നമ്പർ ഉപയോഗിച്ച് ഓർഡർ നൽകാം അല്ലെങ്കിൽ അടുത്തുള്ള ഏതെങ്കിലും ടാക്കോ ബെൽ റെസ്റ്റോറന്റിൽ നിന്ന് ഭക്ഷണം കഴിക്കുകയോ ടേക്ക് അവേ തിരഞ്ഞെടുക്കുകയോ ചെയ്യാം.



# പുതിയ മേക്കപ്പ് ശ്രേണിയുമായി 'ദി ബോഡി ഷോപ്പ്'

**കൊച്ചി:** അന്താരാഷ്ട്ര പേഴ്സണൽ കെയർ ബ്രാൻഡായ ദി ബോഡി ഷോപ്പിന്റെ 'ആക്ടിവിസ്റ്റ് റേഞ്ച് ' മേക്കപ്പ് ശ്രേണി വിപണിയിൽ അവതരിപ്പിച്ചു .പുതിയ ശേഖരത്തിൽ ഫ്രഷ് ന്യൂഡ് ഫൗഷേൻ, വിറ്റാമിൻ സി കൺസീലർ, ടീ ട്രീ ഫെയ്സ് ബേസ്, ഹെംപ് പ്രൈമർ, ഫ്രീസ്റ്റൈൽ പിഗ്മെന്റുകൾ, ഫ്രെയിം ഇറ്റ് ബ്രോ, സൈപ്പ് ഇറ്റ് ലിപ് ബാം, ഷീർ ലിപ് ആൻഡ് ചീക്ക് സ്റ്റെയിൻ എന്നിവ ഉൾപ്പെടുന്നു. 95 ശതമാനവും പ്രകൃതി ദത്തമായ ചേരുവകളാൽ നിർമ്മിച്ചവയാണിവ.




# പുതിയ ലെൻസ് അവതരിപ്പിച്ച് സോണി ഇന്ത്യ



കൊച്ചി: സോണി ജി മാസ്റ്റർ ഫുൾ ഫ്രെയിം ലെൻസ് ലൈനപ്പിലേക്ക് പുതുതായി എഫ്ഇ 50എംഎം എഫ്1.4 ജിഎം ലെൻസ് (മോഡൽ ഇസ്ഇഎൽ50എഫ്14ജിഎം) അവതരിപ്പിച്ചു. പോർട്രെയ്ച്ചർ, ലാൻഡ്സ്കേപ്പ്, ട്രാവൽ, വെഡിങ് എന്നിവയുൾപ്പെടെ ഫോട്ടോയിലും വീഡിയോയിലും വൈവിധ്യമാർന്ന ഉപയോഗങ്ങൾക്ക് അനുയോജ്യമായ ഓപ്ഷൻ കൂടിയായിരിക്കും ഇതെന്ന് സോണി ഇന്ത്യയുടെ ഡിജിറ്റൽ ഇമേജിങ് ഹെഡ് മുകേഷ് ശ്രീവാസ്തവ പറഞ്ഞു.എല്ലാ സോണി സെന്ററുകളിലും, ആൽഫ ഫ്ളാഗ്ഷിപ്പ് സ്റ്റോറുകളിലും, ഇകൊമേഴ്സ് വെബ്സൈറ്റുകളിലും (ആമസോൺ, ഫ്ളിപ്കാർട്ട്), ഠഠഠ. ടവീുമടേഇ.രീ പോർട്ടലിലും ഇന്ത്യയിലുടനീളമുള്ള പ്രധാന ഇലക്ട്രോണിക് സ്റ്റോറുകളിലും ഏപ്രിൽ മൂന്ന് മുതൽ ലഭ്യമാകും. 149,990 രൂപയാണ് പുതിയ ലെൻസിന്റെ വില. ഇന്നത്തെ ക്രിയേറ്റർമാരുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് സോണിയിൽ തങ്ങൾ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതെന്നും മുകേഷ് ശ്രീവാസ്തവ പറഞ്ഞു. ഫോട്ടോഗ്രാഫിക്കും വീഡിയോഗ്രാഫി ഉപയോഗത്തിനും ഒരു മികച്ച ചോയ്സാണ് ഈ പ്രൈം ലെൻസെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സെയ്ഫ് അലി ഖാനും കരീന കപൂറും വാർഡ്വിസാർഡ് ബ്രാൻഡ് അംബാസഡർമാർ




**കൊച്ചി:** ജോയ് ഇബൈക്ക് ബ്രാൻഡിന് കീഴിൽ ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾ വിപണിയിലെത്തിക്കുന്ന ഇന്ത്യയിലെ മുൻനിര ഇരുചക്ര വൈദ്യുത വാഹന നിർമാതാക്കളായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ്, പ്രശസ്ത ബോളിവുഡ് ജോഡികളായ സെയ്ഫ് അലി ഖാനെയും കരീന കപൂർ ഖാനെയും തങ്ങളുടെ ബ്രാൻഡ് അംബാസഡർമാരായി പ്രഖ്യാപിച്ചു. വാർഡ്വിസാർഡ് അടുത്തിടെ പുതിയ റെട്രോസ്റ്റൈൽ ഇലക്ട്രിക് ക്ലാസിക് സ്കൂട്ടറായ മിഹോസ് (ങകഒഛട) പുറത്തിറക്കിയിരുന്നു. 1 ജിഡബ്ല്യുഎച്ച് ബാറ്ററി പ്രൊഡക്ഷൻ ലൈനിന്റെ പ്രവർത്തനങ്ങളും കമ്പനി ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ഇവി അനുബന്ധ ക്ലസ്റ്ററിൽ ആർആൻഡ്ഡി പ്രവർത്തനങ്ങളും ഇലക്ട്രോണിക് ഘടകങ്ങളുടെ ഉത്പാദനവും വിപുലീകരിക്കാനും കമ്പനിക്ക് പദ്ധതിയുണ്ട്.തങ്ങളുടെ കരുത്തുറ്റതും സ്റ്റൈലിഷും ക്ലാസിക്ക് ശ്രേണിയിലുള്ളതുമായ ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് അംബാസഡർമാരായി സെയ്ഫ് അലി ഖാനെയും കരീന കപൂറിനെയും ഉൾപ്പെടുത്തുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് വാർഡ്വിസാർഡ് ഇന്നൊവേഷൻസ് മൊബിലിറ്റി ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.

# വ്യാപാരികൾക്ക് പുതിയ ബിസിനസ് പാതയൊരുക്കി 'റെമിറ്റാപ്പ് ഡി.എം.ടി' ; കേരളത്തിൽ അവതരിപ്പിച്ചു

## അതിഥി തൊഴിലാളികൾക്ക് ബാങ്കിൽ ക്യൂ നിൽക്കാതെ നാട്ടിലേക്ക് പണം അയ്ക്കാം

**കൊച്ചി :** മൊബൈൽ പേമെന്റ് ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്ന മുൻനിര സ്റ്റാർട്ടപ്പ് കമ്പനിയായ റെമിറ്റാപ് ഫിൻടെക് സൊല്യൂഷൻസ് ബിസിനസ് രംഗത്ത് കേരളത്തിലെ ചെറുകിട ഇടത്തരം വ്യാപാരികൾക്ക് കൂടുതൽ അവസരം സാധ്യമാക്കുന്നതിനും ഉപഭോക്താക്കൾക്ക് കുറഞ്ഞ ചിലവിലും സുരക്ഷിതമായും പണം അയക്കുവാനും സ്വീകരിക്കാനും സാധിക്കുന്ന വിധത്തിൽ ഡൊമസ്റ്റിക് മണി ട്രാൻസ്ഫർ ആപ്പ് 'റെമിറ്റാപ്പ്'ഡി.എം.ടി' കേരളത്തിൽ അവതരിപ്പിച്ചു. കൊച്ചി ഗ്രാന്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ റെമിറ്റാപ് ഫിൻടെക് സൊല്യൂഷൻസ് സ്ഥാപകൻ അനിൽശർമ്മ 'റെമിറ്റാപ്പ് ഡി.എം.ടി' യുടെ ലോഞ്ചിംഗ് നിർവ്വഹിച്ചു.

കമ്പനിയുടെ സഹസ്ഥാപകൻ അഭിഷേക് ശർമ്മ,എക്സിക്യൂട്ടീവ് ഡയറക്ടർ വിജയത ശർമ്മ, അസ്സോസിയേറ്റ് പാർട്ട്ണർമാരായ കിംങ്റിച്ച് ഫിൻടെക്ക് മാനേജിംഗ് ഡയറക്ടർ പി.സി.ആസിഫ്, ഡയറക്ടർമാരായ റബീഷ് റഹ്മാൻ, മുഹമ്മദ് ഷബാബ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. യെസ് ബാങ്കിന്റെയും കിങ്ങ്റിച്ച് ഫിൻടെക്കിന്റെയും സഹകരണത്തോടെ വികസിപ്പിച്ചെടുത്ത 'റെമിറ്റാപ്പ് ഡി.എം.ടി' ഇന്ത്യയിലെവിടെയും എളുപ്പത്തിൽ പണം കൈമാറാൻ സാധിക്കുന്ന വിധമാണ് രൂപകൽപന ചെയ്തിരിക്കുന്നതെന്ന് അനിൽശമ്മയും അഭിഷേക് ശർമ്മയും വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അതിഥി തൊഴിലാളികൾക്കാണ് റെമിറ്റാപ്പ് ഏറെ പ്രയോജനം ചെയ്യുക. കേരളത്തിലെ അതിഥി തൊഴിലാളികൾക്ക് കൂടുതൽ സുഗമവും സുരക്ഷിതവുമായി അവരുടെ ഉറ്റവർക്ക് പണം അയക്കുന്നതിന് റെമിറ്റ് ആപ്പ് സഹായകമാകും.ദിവസ വേതനമായോ ആഴ്ച്ചക്കൂലിയായോ ലഭിക്കുന്ന പണം അവധി ലഭിക്കുന്ന ഞായറാഴ്കളിലാണ് ഇവർക്ക് നാട്ടിലേക്ക് അയക്കാൻ സാധിക്കുക.എന്നാൽ അന്ന് ബാങ്കുകൾ അവധിയായതിനാൽ മറ്റൊരു ദിവസത്തെ ജോലിയും ആദിവസത്തെ കൂലിയും നഷ്ടപ്പെടുത്തി വേണം ബാങ്കിൽ പോയി പണം അയക്കാൻ. ഇതിനൊരു ശാശ്വത പരിഹാരമായിട്ടാണ് റെമിറ്റാപ്പ് ഡി.എം.ടി. അവതരിപ്പിക്കുന്നതെന്നും അനിൽ ശർമ്മ പറഞ്ഞു.

റെമിറ്റാപ്പ് കേരളത്തിൽ എല്ലായിടത്തും ഏജൻസികളെയും സൂപ്പർ ഏജൻസികളെയും നിയമിച്ചിട്ടുണ്ട്. പണം നാട്ടിലേയ്ക്ക് അയക്കേണ്ടവർ അവരുടെ ഏറ്റവും അടുത്തുള്ള റെമിറ്റാപ്പ് ഏജൻസിയെ സമീപിച്ച് അവർ അയക്കാൻ ഉദ്ദേശിക്കുന്ന പണം ഏജൻസിക്ക് കൈമാറുക. ഏജൻസി ചെറിയ ഒരു തുക സർവ്വീസ് ചാർജ്ജ് ഈടാക്കി അപ്പോൾ തന്നെ ഉപഭോക്താവ് ആവശ്യപ്പെടുന്ന ആൾക്ക് പണം അയക്കും. കേരളത്തിലെ ചെറുകിട ഇടത്തരം വ്യാപാരികൾക്ക് സേവനത്തോടൊപ്പം വരുമാന വർദ്ധനവിനുള്ള വലിയ സാധ്യത കൂടിയാണ് 'റെമിറ്റാപ്പ് ഡി.എം.ടി'യിലൂടെ തുറക്കുന്നതെന്ന് അഭിഷേക് ശർമ്മ പറഞ്ഞു.ഏജൻസിയായി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർ ആദ്യം തങ്ങളുടെ മൊബൈലിൽ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും 'റെമിറ്റാപ്പ് ഡി.എം.ടി'ആപ്പ് ഡൗൺലോഡ് ചെയ്ത ശേഷം സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖ ഉപയോഗിച്ച് നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളിലൂടെ രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഇവാലറ്റിന് രൂപം നൽകാം. തുടർന്ന് തങ്ങൾ ഉദ്ദേശിക്കുന്ന തുക 'റെമിറ്റാപ്പ് ഡി.എം.ടി'യുടെ ബാങ്കിൽ നിക്ഷേപിക്കണം. തുടർന്ന് ഉപഭോക്താക്കൾക്കായി ചെറിയ തുക സർവ്വീസ് ചാർജ്ജായി ഈടാക്കി ബാങ്കിംഗ് സേവനം ആരംഭിക്കാവുന്നതാണ്.

റെമിറ്റാപ്പ് ഡി.എം.ടി ഏജന്റിന് മറ്റൊരു ഏജന്റിനോ, ഉപഭോക്താവിനോ പണം അയക്കാവുന്നതാണ്. ഉപഭോക്താക്കൾക്ക് തങ്ങളുടെ ഭാഷ തിരഞ്ഞെടുത്ത് ഇടപാടുകൾ നടത്താം. സുരക്ഷയുടെ ഭാഗമായി ഓരോ ഇടപാടിനും ആറ് അക്ക ഒ.ടി.പി.യും ഉണ്ടായിരിക്കും. ഏജന്റ് മുഖേന അയക്കുന്ന പണം അപ്പോൾ തന്നെ ഉപഭോക്താവിന്റെ ബാങ്കിൽ നിക്ഷേപിക്കപ്പെടും. ഇത് അപ്പോൾതന്നെ പരിശോധിച്ച് ഉറപ്പാക്കനും സാധിക്കും. എല്ലാ ഇടപാടിന്റെയും വിശദമായ വിവരങ്ങൾ ട്രാൻസാക്ഷൻ ഹിസ്റ്ററിയിൽ ലഭ്യമാണ്. റെമിറ്റ് ഡി.എം.ടി ആപ്പ് ഉപയോഗിച്ച് ഇടപാടുകൾ നടത്തുന്നവർക്ക് റിവാർഡ്സുകളും ക്യാഷ് ബാക്ക് ഓഫറുകളും നേടാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.സമീപ ഭാവിയിൽ വൈദ്യുതി ബിൽ, ഫോൺ ബിൽ, ഇൻഷുറൻസ് പ്രീമിയം, ഫ്ളൈറ്റ് ടിക്കറ്റ്, ഇന്റർനെറ്റ് ബിൽ അടക്കമുള്ളവ റെമിറ്റാപ്പിലൂടെ വേഗത്തിലും എളുപ്പത്തിലും അടയ്ക്കുന്നതിനും ഇന്ത്യൻ രൂപയ്ക്ക് പുറമെ മറ്റ് രാജ്യങ്ങളുടെ കറൻസികളിൽ ഇടപാട് നടത്തുന്നതിനും സാധിക്കുന്ന വിധം പുതിയ ഫീച്ചർ അവതരിപ്പിക്കുമെന്നും ഇവർ പറഞ്ഞു. ഇന്ത്യയ്ക്ക് പുറമെ നേപ്പാളിലും റെമിറ്റാപ്പ് പ്രവർത്തിച്ചുവരുന്നു. യു.എസ്, ബോട്സ്വാന, കാനഡ, യുകെ എന്നീ രാജ്യങ്ങളിലും ഉടൻ പ്രവർത്തനം തുടങ്ങും. പേയിസന, റെമിട്രിപ്പ് തുടങ്ങിയ ആപ്പുകളും ഉടനെ അവതരിപ്പിക്കുമെന്നും ഇവർ പറഞ്ഞു.




**റെമിറ്റാപ്പ് ഫിൻടെക് സൊല്യൂഷൻസ് വികസിപ്പിച്ചെടുത്ത ഡൊമസ്റ്റിക് മണി ട്രാൻസ്ഫർ ആപ്പായ റെമിറ്റാപ്പ് ഡി.എം.ടി കൊച്ചിയിൽ നടന്ന ചടങ്ങിൽ കമ്പനി സ്ഥാപകൻ അനിൽ ശർമ്മ, എക്സിക്യൂട്ടീവ് ഡയറക്ടർ വിജയത ശർമ്മ, സഹസ്ഥാപകൻ അഭിഷേക് ശർമ്മ എന്നിവർ ചേർന്നു പുറത്തിറക്കുന്നു. അസ്സോസിയേറ്റ് പാർട്ട്ണർ കിംങ്റിച്ച് ഫിൻടെക്കിന്റെ ഡയറക്ടർ റബീഷ് റഹ്മാൻ,മാനേജിംഗ് ഡയറക്ടർ പി.സി.ആസിഫ്, ഡയറക്ടർ മുഹമ്മദ് ഷബാബ് എന്നിവർ സമീപം**

# മ്യൂച്വൽ ഫണ്ടിൻമേൽ 8.99% പലിശനിരക്കിൽ വായ്പയുമായി ജിയോജിത്

**കൊച്ചി:** ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ ജിയോജിത് ക്രെഡിറ്റ്സ് മ്യൂചൽ ഫണ്ടുകളുടെ ഈടിൻമേൽ ഉദാരമായ നിരക്കിൽവായ്പ നൽകുന്ന പദ്ധതി പ്രഖ്യാപിച്ചു. നിക്ഷേപകർക്ക് എവിടെയിരുന്നും എളുപ്പത്തിൽ 100 ശതമാനം ഡിജിറ്റലായി വായ്പയ്ക്ക് അപേക്ഷിക്കാം. 10,000 രൂപ മുതൽ മുകളിലേക്ക് വായ്പ ലഭിക്കും.നിക്ഷേപകർക്ക് പെട്ടെന്നുണ്ടാകുന്ന സാമ്പത്തിക ആവശ്യങ്ങൾക്ക് മ്യൂചൽ ഫണ്ടുകളുടെ ഈടിൻമേൽ ഓൺലൈനായി പണം സമാഹരിക്കാൻ ഈ വായ്പ പദ്ധതി സഹായിക്കുമെന്ന് ജിയോജിത് ക്രെഡിറ്റ്സ് ബിസിനസ്സ് ഹെഡ് ബിജോയ് അന്ത്രപ്പേർ പറഞ്ഞു.വായ്പയ്ക്ക് അപേക്ഷിച്ചാൽ തുക അവരുടെ രജിസ്റ്റർ ചെയ്യപ്പെട്ട ബാങ്ക്അക്കൗണ്ടിലേക്ക് മണിക്കൂറുകൾക്കകം എത്തിച്ചേരും. മ്യൂചൽഫണ്ടുകളുടെ ഉടമസ്ഥതയും നേട്ടവും നിക്ഷേപകനു തന്നെ ആയിരിക്കുമെങ്കിലുംവായ്പ തിരിച്ചടവു പൂർത്തിയാകുന്നതുവരെ അവയിൽ നിന്നുംതുക പിൻവലിക്കാൻ സാധിക്കില്ല. തിരിച്ചടവുമായി ബന്ധപ്പെട്ട് പ്രത്യേക ചാർജുകളൊന്നും ഇല്ല. വായ്പയുടെവാർഷിക പലിശ 8.99% മുതൽ ആരംഭിക്കുന്നു. വായ്പ കാലാവധിയിൽ നിക്ഷേപകൻ ഉപയോഗിച്ച പണത്തിനു മാത്രമേ പലിശ ഈടാക്കൂ. തങ്ങളുടെ ദീർഘകാല സമ്പാദ്യ പദ്ധതിയുടെ ഭാഗമായ മ്യൂചൽ ഫണ്ട് തുക പിൻവലിക്കാതെ തന്നെ നിക്ഷേപകർക്ക് പെട്ടെന്നുള്ള ആവശ്യങ്ങൾക്കായുള്ള പണം കണ്ടെത്തുന്നതിനായി മിതമായ നിരക്കിൽ വായ്പയെടുക്കാം എന്നതാണ് മ്യൂചൽ ഫണ്ടിൻമേൽ വായ്പ എന്ന പദ്ധതിയുടെ പ്രത്യേകതയെന്ന് ജിയോജിത് ക്രെഡിറ്റ്സ് ബിസിനസ്സ് ഹെഡ് ബിജോയ് അന്ത്രപ്പേർ പറഞ്ഞു.

GEOJIT
PEOPLE YOU PROSPER WITH

# എസ്ബിഐ ലൈഫ് രാജസ്ഥാൻ റോയൽസിന്റെ ലീഡ് ഹെൽമറ്റ് പാർട്ട്ണറാകും

**കൊച്ചി:** എസ്ബിഐ ലൈഫ് ഇൻഷൂറൻസ് 2023 സീസണിൽ രാജസ്ഥാൻ റോയൽസ് ഫ്രാഞ്ചൈസുമായി ലീഡ് ഹെൽമറ്റ് പാർട്ട്ണർ എന്ന നിലയിൽ സഹകരിക്കുന്നതായി പ്രഖ്യാപിച്ചു. എസ്ബിഐ ലൈഫിന്റെ ലോഗോ രാജസ്ഥാൻ റോയൽസിന്റെ ഹെൽമറ്റുകളിൽ പ്രദർശിപ്പിക്കും.ഇൻഷൂറൻസിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അവബോധം വിപുലമായി എത്തിക്കാൻ ഇതിലൂടെ സാധ്യമാകുമെന്നും 2047ഓടെ എല്ലാവർക്കും ഇൻഷൂറൻസ് എന്ന ദേശീയ അജണ്ടയിലേക്ക് എത്താൻ ഇതു സഹായിക്കുമെന്നും എസ്ബിഐ ലൈഫ് ഇൻഷൂറൻസ് കോർപറേറ്റ് കമ്യൂണിക്കേഷൻ ആന്റ് സിഎസ്ആർ ചീഫ് ഓഫ് ബ്രാൻഡ് രവീന്ദ്ര ശർമ്മ പറഞ്ഞു.എസ്ബിഐ ലൈഫുമായി സഹകരിക്കാൻ തങ്ങൾക്ക് ആവേശമുണ്ടെന്ന് ഇതേക്കുറിച്ചു പ്രതികരിച്ച രാജസ്ഥാൻ റോയൽസ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ജെക് ലുഷ് മാക്റം പറഞ്ഞു.

SBI Life
Apne liye. Apno ke liye.

# ഹീറോ സൂപ്പർ കപ്പ് : ലൂണയില്ല ;ടീമിനെ പ്രഖ്യാപിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി

■ വ്യക്തിപരമായ കാരണങ്ങളാലാണ് അഡ്രിയാൻ ലൂണയ്ക്ക് അവധി നൽകിയതെന്നാണ് ക്ലബ്ബിന്റെ വിശദീകരണം

**കൊച്ചി:** ഹീറോ സൂപ്പർ കപ്പ് 2023നുള്ള ഔദ്യോഗിക ടീമിനെ കേരള ബ്ലാസ്റ്റേഴ്സ് എഫ്സി, പ്രഖ്യാപിച്ചു. ജെസൽ കർണെയ്റോ നയിക്കുന്ന 29 അംഗ ടീമിൽ ബ്ലാസ്റ്റേഴ്സിന്റെ നെടുംതൂണായ അഡ്രിയാൻ ലൂണയില്ല.ഏപ്രിൽ എട്ടിന് കോഴിക്കോട് ഇഎംഎസ് സ്റ്റേഡിയത്തിൽ ഐലീഗ് ചാമ്പ്യൻമാരായ റൗണ്ട് ഗ്ലാസ് പഞ്ചാബിനെതിരെയാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ ആദ്യ മത്സരം. വ്യക്തിപരമായ കാരണങ്ങളാലാണ് അഡ്രിയാൻ ലൂണയ്ക്ക് അവധി നൽകിയതിനാലാണ് അദ്ദേഹം സൂപ്പർ കപ്പിൽ പങ്കെടുക്കാത്തതെന്നാണ് ക്ലബ്ബിന്റെ വിശദീകരണം. അതേസമയം, ലൂണ ഒഴികെയുള്ള ടീമിലെ മറ്റ് വിദേശ താരങ്ങളെല്ലാം ഐഎസ്എൽ ഇടവേളയ്ക്ക് ശേഷം ടീമിനൊപ്പം പരിശീലനം പുനരാരംഭിച്ചിട്ടുണ്ട്. പ്രാദേശിക യുവ പ്രതിഭകളെയും ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂത്ത് റാങ്കിലൂടെ ഒന്നാം ടീമിലേക്ക് കളിക്കാരെ വളർത്തിയെടുക്കുയെന്ന കാഴ്ച്ചപ്പാടും ഇതുവഴി കേരള ബ്ലാസ്റ്റേഴ്സ് ശക്തമായി തുടരുന്നു. കിരീടം ലക്ഷ്യമിട്ടാണ് തങ്ങൾ ഹീറോ സൂപ്പർ കപ്പിനിറങ്ങുന്നതെന്ന് കേരള ബ്ലാസ്റ്റേഴ്സ് സ്പോർട്ടിങ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. ഇന്ത്യൻ സൂപ്പർ ലീഗിന് തൊട്ടുപിന്നാലെ മറ്റൊരു ടൂർണമെന്റിനായി ടീം പൂർണമായും തയ്യാറാണ്. വിദേശ താരങ്ങൾക്കൊപ്പം നിശ്ചയദാർഢ്യമുള്ള പ്രാദേശിക പ്രതിഭകൾ ടീമിനെ എല്ലാ അർത്ഥത്തിലും സമ്പൂർണമാക്കും, അവരുടെ പ്രകടനത്തിൽ ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ടെന്നും കരോലിസ് സ്കിൻകിസ് കൂട്ടിച്ചേർത്തു. 29 അംഗ ടീമിൽ 11 താരങ്ങൾ മലയാളികളാണ്. രാഹുൽ കെ പി, സഹൽ അബ്ദുൾ സമദ്, ശ്രീക്കുട്ടൻ എം എസ്, സച്ചിൻ സുരേഷ്, നിഹാൽ സുധീഷ്, വിബിൻ മോഹനൻ, ബിജോയ് വർഗീസ്, മുഹമ്മദ് അസ്ഹർ, മുഹമ്മദ് ഐമെൻ, മുഹമ്മദ് സഹീഫ്, തേജസ് കൃഷ്ണ എന്നിവരാണ് ടീമിലെ മലയാളി താരങ്ങൾ. ഓസ്ട്രേലിയൻ സ്ട്രൈക്കർ അപ്പോസ്തലോസ് ജിയാനു ആണ് ടീമിലെ ഏക ഇന്റർനാഷണൽ ഏഷ്യൻ താരം.ഗോൾകീപ്പർമാർ: പ്രഭ്




സുഖൻ സിങ് ഗിൽ, കരൺജിത് സിങ്, സച്ചിൻ സുരേഷ്, മുഹീത് ഷബീർ.പ്രതിരോധ താരങ്ങൾ: വിക്ടർ മോംഗിൽ, മാർക്കോ ലെസ്കോവിച്ച്, ഹോർമിപം റൂയിവ, സന്ദീപ് സിങ്, ബിജോയ് വർഗീസ്, നിഷു കുമാർ, ജെസൽ കർണെയ്റോ, മുഹമ്മദ് സഹീഫ്, തേജസ് കൃഷ്ണ.മധ്യനിര താരങ്ങൾ: ഡാനിഷ് ഫാറൂഖ്, ആയുഷ് അധികാരി, ജീക്സൺ സിങ്, ഇവാൻ കല്യൂഷ്നി, മുഹമ്മദ് അസ്ഹർ, വിബിൻ മോഹനൻ.മുന്നേറ്റ താരങ്ങൾ: ബ്രൈസ് ബ്രയാൻ മിറാൻഡ, സൗരവ് മണ്ഡൽ, രാഹുൽ കെ.പി., സഹൽ അബ്ദുൽ സമദ്, നിഹാൽ സുധീഷ്, ബിദ്യാസാഗർ സിങ്, ശ്രീക്കുട്ടൻ എം എസ്., മുഹമ്മദ് ഐമെൻ, ദിമിത്രിയോസ് ഡയമന്റകോസ്, അപ്പോസ്തലോസ് ജിയാനു എന്നിങ്ങനെയാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ സ്ക്വാഡ്

# അൾട്രാലൈറ്റ് ലാപ്ടോപ്പ് പുറത്തിറക്കി എച്ച്പി



**കൊച്ചി:** ഏറ്റവും പുതിയ പവലിയൻ എയ്റോ 13 നോട്ട്ബുക്കുകൾ പുറത്തിറക്കി എച്ച്പി. എച്ച്പിയുടെ ഏറ്റവും ഭാരം കുറഞ്ഞതും കനം കുറഞ്ഞതുമായ എയ്റോ 13ൽ ശക്തമായ എഎംഡി റൈസെൻ 7 പ്രൊസസറിനൊപ്പം റാഡിയോൺ ഗ്രാഫിക്സും എത്തുന്നു. അതോടൊപ്പം തന്നെ 2.5 കെ റെസല്യൂഷൻ ഡിസ്പ്ലേയും 10.5 മണിക്കൂർ ബാറ്ററി ബാക്കപ്പും ഇതിന്റെ മറ്റ് സവിശേഷതകളാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.വാം ഗോൾഡ്, നാച്ചുറൽ സിൽവർ, പേൽ റോസ് ഗോൾഡ് നിറങ്ങളിൽ ലഭ്യമായ പവലിയൻ എയ്റോ 13ന്റെ വില ഏകദേശം 72,999 രൂപ മുതലാണ് ആരംഭിക്കുന്നത്. 13.3 ഇഞ്ച് 2.5 കെ റെസല്യൂഷനുള്ള ഐപിഎസ് ഡിസ്പ്ലേയാണ് എയ്റോ 13ന്റേത്. 4വശങ്ങളുള്ള ഇടുങ്ങിയ ബെസൽ സ്ക്രീൻ ഉപയോഗിച്ചാണ് ലാപ്ടോപ്പിന്റെ ഫ് ളിക്കർ രഹിത ഡിസ്പ്ലേ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടുകൂടിയ നോയിസ് റിമൂവൽ അനാവശ്യ ബാക്ക്ഗ്രൗണ്ട് നോയിസ്സുകളെ ഒഴിവാക്കുന്നു.

# എം.പത്മകുമാർ ചിത്രം 'ക്വീൻ എലിസബത്ത് ' തുടങ്ങി

**കൊച്ചി:** മലയാളത്തിൽ മികവുറ്റ സിനിമകൾ സമ്മാനിച്ച സംവിധായകൻ എം.പത്മകുമാർ ഒരുക്കുന്ന പുതിയ ചിത്രമാണ് 'ക്വീൻ എലിസബത്ത്'. മീരാ ജാസ്മിൻ മലയാള സിനിമയിലേക്ക് ശക്തമായ തിരിച്ചു വരവ് നടത്തുന്ന ചിത്രത്തിന്റെ പൂജാ ചടങ്ങുകളും സ്വിച്ച് ഓണും കൊച്ചി വെണ്ണല ട്രാവൻകോർ ഓപ്പസ് ഹൈവേയിൽ നടന്നു. മലയാള സിനിമയിലെ പ്രഗത്ഭരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമായ ചടങ്ങിന് ശേഷം ചിത്രത്തിന്റെ ചിത്രീകരണം ആരംഭിച്ചു. വെള്ളം, അപ്പൻ, പടച്ചോനെ നിങ്ങള് കാത്തോളീ എന്നീ ഹിറ്റുകൾ സമ്മാനിച്ച ബ്ലൂ മൗണ്ട് പ്രൊഡക്ഷൻസിന്റെ ബാനറിൽ രഞ്ജിത്ത് മണമ്പ്രക്കാട്ട്, എം.പത്മകുമാർ. ശ്രീറാം മണമ്പ്രക്കാട്ട് എന്നിവരാണ് ഈ ചിത്രം നിർമിക്കുന്നത്. അർജ്ജുൻ ടി സത്യൻ ആണ് ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത്. എം.പത്മകുമാറിന്റെ കരിയറിലെ ചിത്രങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമായി ഒരുക്കുന്ന ചിത്രം സമൂഹത്തിൽ ഏറെ പ്രാധാന്യമുള്ള വിഷയം അവതരിപ്പിക്കുന്ന ഫാമിലി ഡ്രാമയാണ്. പ്രേക്ഷകർക്ക് ഏറെ ഇഷ്ടപെട്ട മീരാ ജാസ്മിൻ നരേൻ കൂട്ടുകെട്ട് വർഷങ്ങൾക്ക് ശേഷം വീണ്ടും ഒരുമിക്കുന്ന ചിത്രം കൂടിയാണ് ക്വീൻ എലിസബത്ത്. മീരാ ജാസ്മിൻ, നരേൻ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളിലെത്തുന്ന ചിത്രത്തിൽ ശ്വേതാ മേനോൻ, രമേശ് പിഷാരടി, വി.കെ.പ്രകാശ്, ശ്യാമ പ്രസാദ്, ജോണി ആന്റണി,മല്ലികാ സുകുമാരൻ, ജൂഡ് ആന്റണി ജോസഫ്, ആര്യ ബഡായി ബംഗ്ലാവ്, ശ്രുതി രജനികാന്ത്,സാനിയ ബാബു, നീനാ കുറുപ്പ്, മഞ്ജു പത്രോസ്, വിനീത് വിശ്വം, രഞ്ജി കാ




ങ്കോൽ, ചിത്രാ നായർ എന്നിവർ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.കൊച്ചി,കുട്ടിക്കാനം, കോയമ്പത്തൂർ എന്നിവിടങ്ങളിലാണ് ചിത്രത്തിന്റെ പ്രധാന ലൊക്കേഷനുകൾ.ക്വീൻ എലിസബത്തിന്റെ മറ്റു അണിയറപ്രവർത്തകർ ഇവരാണ്. ഛായാഗ്രഹണം : ജിത്തു ദാമോദർ, സംഗീത സംവിധാനം, ബി.ജി,എം: രഞ്ജിൻ രാജ്, എഡിറ്റർ : അഖിലേഷ് മോഹൻ, ആർട്ട് ഡയറക്ടർ: എം.ബാവ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: ഉല്ലാസ് കൃഷ്ണ, വസ്ത്രാലങ്കാരം: ആയീഷാ ഷഫീർ സേട്ട്, മേക്കപ്പ് : ജിത്തു പയ്യന്നൂർ, പ്രൊഡക്ഷൻ കൺട്രോളർ: ശിഹാബ് വെണ്ണല, സ്റ്റിൽസ്: ഷാജി കുറ്റികണ്ടത്തിൽ, പോസ്റ്റർ ഡിസൈൻ: മനു മാ മി ജോ, പി ആർ ഓ : പ്രതീഷ് ശേഖർ.

